കൂടാതെയായി എനിക്കു പറയുവാനുള്ളതു പോലീസ് ഡിപ്പാർട്ടുമെൻറിനെപ്പറ്റിയാണ്. അസിസ്റ്റൻറ് സൂപ്രണ്ടന്മാരെ കൊയ്യണം എന്നൊക്കെ ഇവിടെ അഭിപ്രായം പറഞ്ഞുകഴിഞ്ഞു. ഏതായാലും പോലീസുഡിപ്പാർട്ടുമെൻറ് ഒന്നാന്തരി സ്വതന്ത്രമായി നടക്കണമെങ്കിൽ എന്നാണെ നിശ്ചയമില്ലാ. അതുപോലെ പോലീസുഡിപ്പാർട്ടുമെൻറിനെപ്പറ്റിയുള്ളതിൽ ഞാൻ അഭിപ്രായം ഒന്നും പറയുന്നില്ല. ഭരണമേന്മയും പരിശുദ്ധിയുമായ ഒരാളാണു ഇതിനൊക്കെ മേലധ്യക്ഷൻ, അങ്ങേക്കുണ്ടു് അതുകൊണ്ടു ഞാൻ അതിനെപ്പറ്റി അധികം പറയുന്നില്ല.

മി: കെ. കുഞ്ഞു ഉണ്ണിപ്പണിക്കർ (കൊല്ലം): വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനെ മേലധ്യക്ഷനായി അങ്ങേക്കു കിട്ടിയതു മന്ത്രിയല്ലേ?

മി: സി. എൻ. ഇപ്പൻനംപൂതിരിപ്പാട് (ജന്മി): മെയ്യുക്ഷന്മാർ ഒരിക്കലും മാന്യന്മാരല്ല എന്നെനിക്ക അഭിപ്രായമില്ല. ഇവിടെ പറയുന്ന അഭിപ്രായങ്ങളെ അവർ തള്ളിപ്പറഞ്ഞതെന്നുമാത്രമേ എനിക്കഭിപ്രായമുള്ളൂ. വ്യവസായഡിപ്പാർട്ടുമെൻറിനെ അഭ്യുക്ഷനം വളരെ യോഗ്യനാണ്.

മി: കെ. കുഞ്ഞുകൃഷ്ണപിള്ള (കൊല്ലം): പോലീസ് ഡിപ്പാർട്ടുമെണ്ടിനെ മേലധ്യക്ഷൻ ആ ഡിപ്പാർട്ടുമെൻറിനെ നന്നാക്കുന്നതുപോലെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ അധ്യക്ഷനും ആ ഡിപ്പാർട്ടുമെണ്ടിനെ നന്നാക്കിക്കൊള്ളുകയില്ലേ?

മി: സി. എൻ. ഇപ്പൻ നംപൂതിരിപ്പാട് (ജന്മി): ആ ഡിപ്പാർട്ടുമെണ്ടു നന്നാക്കുന്നതിന് അദ്ദേഹത്തെ ഞാൻ ഒന്നുകൂടി ഓർമ്മിപ്പിച്ചു എന്നേയുള്ളൂ.

വ്യവസായഡിപ്പാർട്ടുമെൻറിനെപ്പറ്റി കുറച്ചു പറയേണ്ടതുണ്ട്. തൊഴിലില്ലായ്മ അതികഠിനമായ ഒരവസ്ഥയിലിരിക്കുന്നതുകൊണ്ടാണ് വ്യവസായഡിപ്പാർട്ടുമെൻറുണ്ടായത്. തൊഴിലില്ലാതെ വരുന്ന ജനങ്ങൾക്ക് തൊഴിൽ ചെയ്യുന്നതിന് വേണ്ട എല്ലാ സഹായങ്ങളും, എല്ലാ സമയത്തും രാജ്യത്തിന്റെ നാനാ ഭാഗങ്ങളിലും വ്യവസായഡിപ്പാർട്ടുമെൻറിൽനിന്നും ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. ഈ സംഗതികളിൽ ഭാവിയിൽവരും എന്നാണ് അപേക്ഷ പറയുമായിരിക്കും. എന്നാൽ ഇതുവരെയായിട്ടും ആ ഭാവിയുടെ ലക്ഷണം കുറച്ചുകൂടി കണ്ടിട്ടില്ല എന്നുവരുകിൽ ഒരുവിധം തൃപ്തിക്കാമായിരുന്നു. ഇപ്പോൾ അതൊന്നുമില്ല.

ഒരണറിപ്പോർട്ടിൽ ഗ്രാമങ്ങൾതോറുമുള്ള ജനങ്ങൾ സ്വന്തമായി കിണറുകൾ കുഴിച്ചിട്ടുള്ളതായി കാണുന്നുണ്ട്. ഈ തിരനപ്പറ്റിയുള്ള പരിജ്ഞാനം എനിക്കില്ലാത്തതിനാൽ അടുത്തകാലത്തും അങ്ങനെ കിണറുകൾ കുഴിക്കുന്നപക്ഷം അതു ഭാവിയിൽ നന്നായിവരുമെന്നു ഞാൻ സമാധാനപ്പെടുന്നു. ഈ വ്യവസായഡിപ്പാർട്ടുമെൻറിനെ ഒന്നു പരിഷ്ക്കരിക്കേണ്ടതു അത്യാവശ്യമാണ്.

ചിന്നിച്ചിതറി ഉപയോഗമില്ലാത്ത വേറെ ചില ഡിപ്പാർട്ടുമെൻറുകളും കാണുന്നുണ്ട്. അതിലൊന്നു ആക്കിയാട്ടിക്കൽ ഡിപ്പാർട്ടുമെണ്ടാണ്. ആക്കിയാട്ടിക്കൽ ഡിപ്പാർട്ടുമെണ്ടിന്റെ അഭാവം ജനങ്ങളെ ഒട്ടിക്കുറച്ചൊന്നുമല്ല കിടക്കുന്ന പൂമ്പാതനംസ്സുകളെ കണ്ടെടുത്തു ജനങ്ങളെ അറിയിക്കുന്നതിനുള്ള ഒരു ഡിപ്പാർട്ടുമെൻറാണെന്നാണ് ഞാൻ മനസ്സിലാക്കിയതു. അങ്ങനെ ഉദ്ദേശിക്കുന്നെങ്കിലതുകൊണ്ടു വലിയ വല്ലതും നടപ്പാണ്. പക്ഷേ, ഇപ്പോൾ, ഈ ക്ഷേത്രങ്ങളിലെ ബ്ലാക്ക് എടുത്തു കാണിച്ചിരിക്കുന്നു. അല്ല ജനങ്ങൾക്ക് ആവശ്യമുണ്ടെങ്കിലും ഇപ്പോഴുള്ളതിനും പുറമെ ഒരു പരിശോധനത്തിനു ജനങ്ങളുടെ ഇടയിൽ കൊടുക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ആ ഡിപ്പാർട്ടുമെൻറിനെ ക്ലൂട്ടതലായി ഉപയോഗപ്പെടുന്നതായാൽ അതുകൊണ്ടും വളരെ ഉപകരം ഉണ്ടാകുന്നതാണ്.

ആയുർവേദഡിപ്പാർട്ടുമെൻറിനെപ്പറ്റി ഇവിടെ പറയാതിരിക്കുവാൻ നിവർത്തിയില്ല. മി: തമ്പുരാനും മി: നാരായണപിള്ളയും അതിനെപ്പറ്റി ഇവിടെ സംസാരിച്ചു മെഡിക്കൽ ഡിപ്പാർട്ടുമെണ്ടു ഒട്ടുക്കു അനുവദിച്ചിട്ടുള്ളതിനേക്കാൾ വമ്പിച്ച തുകയായിട്ടുള്ള ഒരു സംഖ്യയാണ് ആയുർവേദഡിപ്പാർട്ടുമെൻറിനു അനുവദിച്ചിട്ടുള്ളതു. ജനങ്ങൾക്കൊക്കെ ആശ്രയമായിട്ടുള്ളതു ഈ ആയുർവേദഡിപ്പാർട്ടുമെൻറാണു. അതു ജനങ്ങൾ ഒഴിച്ചുകൂടാൻ പാടില്ലാത്തതും തന്നെ. ആ സ്ഥിതിക്കു ഈ ഇത്രമായ സംഖ്യ അനുവദിച്ചതുകൊണ്ടു യാതൊന്നും ചെയ്യുകയില്ല. വിദേശത്തുനിന്നും ഒരു മരുന്നു, സമുദ്രത്തിലെ ചാറും കോട്ടംകൊണ്ടു നമ്മുടെ രാജ്യത്തുപയോഗിക്കുവാൻ സാധിച്ചില്ലെങ്കിൽ നമ്മുടെ രോഗികൾ കഷ്ടപ്പെട്ടുപോകും. ഈ ആയുർവേദഡിപ്പാർട്ടുമെണ്ടിനെപ്പറ്റി പല അവസരങ്ങളിലും പറഞ്ഞിട്ടുണ്ട്. അടിസ്ഥാനം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളാണ് പ്രധാനമായും ശ്രദ്ധിക്കേണ്ടതാണ്. അതിനെ അഭിവൃദ്ധിക്കായിട്ട് ഒരു നൈഘണ്ടുതോട്ടം വച്ചുണ്ടാക്കുന്നതിനുള്ള ഒരു ഔഷധത്തോട്ടം ഏർപ്പെടുത്തി അതിനുള്ള ഗവണ്മെണ്ടിൽനിന്നും ശരിയായി പരിപാലിക്കാതെ ഈ ഡിപ്പാർട്ടുമെൻറിനെ രക്ഷിയാക്കാൻ സാധിക്കുന്നതല്ല. ഈ ഡിപ്പാർട്ടുമെണ്ടിന്റെ അഭിവൃദ്ധിക്കു കട്ടായ്മയായി ആയുർവേദവിദ്വാൻമാർ പറയുന്നതും ഈ ഔഷധങ്ങളുടെ ന്യൂനതയെന്നുതന്നെയാണ്. അതിനാൽ ഈ ഡിപ്പാർട്ടുമെണ്ടിനെ പരിഷ്ക്കരിക്കേണ്ടതാണെന്ന് ഞാൻ ഗവണ്മെണ്ടിന്റെ ശ്രദ്ധിയിൽ കൊണ്ടുവന്നുകൊള്ളുന്നു.

കൃഷിഡിപ്പാർട്ടുമെൻറിനെപ്പറ്റി പറയുകയാണെങ്കിൽ ആ ഡിപ്പാർട്ടുമെൻറിലേക്ക ചിലവുചെയ്യുന്ന സംഖ്യക്ക തക്കഫലം ആ ഡിപ്പാർട്ടുമെണ്ടിൽനിന്നും കിട്ടുന്നില്ല. അടുത്ത ഡിമാൻറിൽ പറയുന്ന സമാധാനം ഇതിനെപ്പറ്റി ഫലം കിട്ടുന്നതു ഭാവിയിൽ ആണ് എന്നാണ്. എന്നാൽ ഫലം ഭാവിയിൽ എന്നു പറഞ്ഞുപറഞ്ഞു പത്തുപതിനഞ്ചു വർഷവും ആക്കി. എന്നാണീ ഭാവി? ഒരു ഫലവും കാണുന്നില്ല. ഇതുവരെ ആ ഡിപ്പാർട്ടുമെൻറിലേക്ക ചിലവാക്കിയിട്ടുള്ള തുക എല്ലാംകൂടി ഒന്നിച്ചു ഇപ്പോൾ ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ കൃഷിഡിപ്പാർട്ടുമെണ്ടിൽനിന്നും കിട്ടുന്ന ഫലത്തേക്കാൾ ക്ലൂപ്തമായ ഫലം ഉണ്ടാകുമായിരുന്നു. ഇതുപറയുമ്പോൾ ഒരു കാര്യംകൂടെ ഈ ഡിപ്പാർട്ടുമെണ്ടിൽനിന്നും കിട്ടുന്ന ഗുണത്തിന്റെ പരമാവധി ഇത്രമാത്രമേയുള്ളൂ എന്നു കാണാവുന്നതാണ്. അതിനാൽ ഡിപ്പാർട്ടുമെണ്ടിൽനിന്നും ഇതിൻറെ പരിഷ്ക്കാരത്തെപ്പറ്റി കഴിയുന്നതും ആലോചിക്കേണ്ടതാണ്.

നീതിന്യായകോടതികളെപ്പറ്റി പറയുകയാണെങ്കിൽ കുറെ അധികമുണ്ട്. കേസുകൊടുക്കുന്നു അല്പത്തെ കോടതിയിലാണെങ്കിലും അതു മൈക്കോടതിയിൽ വക്കീലോ ഇങ്ങപ്പോകൊല്ലും ഇഴിഞ്ഞതായിട്ടും ധാരാളം കേസുകൾ ഉണ്ട്. ഒരാൾ ഒരു സിവിൽകേസുകൊടുക്കുന്നു അഞ്ചുകൊല്ലത്തിനകമെങ്കിലും അതിനൊരു തീർച്ച കിട്ടുമെന്നുള്ളതു ശ്രദ്ധിച്ചിട്ടുണ്ട്. ചില സംഖ്യകൾ തിരുത്തി കിട്ടാനാണെങ്കിൽ ഒരു ഇന്നയിന്നകാര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തണം എന്നുള്ളതിനുകൂടെയായിരിക്കും കോടതിയിൽ കൊടുക്കുന്നതു. എന്നാൽ ഒരു മനുഷ്യായുസ്സിനു സാദ്ധ്യമല്ലാത്ത നിലയിലാണ് ഇന്നു സിവിൽകോടതികൾ പ്രവർത്തിക്കുന്നതു. ഇങ്ങനെ കേസുകൾ കെട്ടിക്കിടക്കുവാൻ ഉള്ള കാരണങ്ങളെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിനായി ഗവർമെണ്ടിനാൽ ഒരു കമ്മീഷനെയും വച്ചിട്ടുണ്ടായിരുന്നു. കമ്മീഷനർമാർ ഓരോ സ്ഥലങ്ങളിലും പോയി തെളിവുകൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിനെപ്പറ്റി എന്തെങ്കിലും പറഞ്ഞതായി പറയുന്ന സമാധാനം ആ കമ്മീഷനിന്റെ റിപ്പോർട്ടുണ്ടായിട്ടില്ല. അതുകൊണ്ടു വേറെ സമാധാനം ഉണ്ടാകുമെന്നാണ്. എന്നാൽ ഈ കമ്മീഷനിന്റെ റിപ്പോർട്ടുകളുടെ അധികം നോക്കുകയും ആ

ചെയ്യും ഉണ്ടെന്നു തോന്നുന്നില്ല. ഇങ്ങനെ എല്ലാവരോടും ചോദിക്കേണ്ട ആവശ്യവും ഇല്ല. എങ്കിൽ അടുത്ത
കൗൺസിലിൽ നിയമമായിട്ടും എന്നിട്ട് പത്രത്തുകളിൽ സമയാസമയം ഉദ്യോഗസ്ഥന്മാർ അറിയത്തക്ക
വിധത്തിലേണമെന്നു മാത്രമാണ്. അതിനാൽ യാതൊരു കാരണത്തിലേയും പതിഷ്ക്കേപിക്കേണ്ടതാണ്.

ഈ കൌൺസിലിലെ പ്രധാനമായി ആലോചിക്കേണ്ട ഒരു സംഗതി ഇന്നത്തെ ഗാർഡിയൻഷിപ്പ് വ്യവസ്ഥയെ എങ്ങ
നെ പരിഷ്കരിക്കപ്പെടാമെന്നുള്ളതാണ്. അതിനു ഈ കൗൺസിലിലെ ഉദ്യോഗസ്ഥന്മാരും അല്ലാത്തവരുമായ
ന്മാരും ഒത്തുകൂടി ആ പരിഷ്കാരമാർഗ്ഗം കണ്ടുപിടിച്ചു ജനങ്ങളുടെ ക്ഷേമത്തിനു നിവാരണം വരുത്തിക്കൊ
ടുക്കേണ്ടതു അത്യാവശ്യമാണെന്നുള്ള എന്റെ അഭിപ്രായത്തെ ഈ കൌൺസിലിന്റെ മുൻപാകെ സമർപ്പിച്ചു
കൊണ്ടു തൽക്കാലം വിരമിച്ചുകൊള്ളുന്നു.

സഭാനടപടിക്രമം ഒപ്പിട്ടതു വായിച്ചു.

പി. എൻ. കുഞ്ഞുപിള്ള,
നിയമസഭാ സിക്രട്ടറി.

(A True translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

നാലാമത്തെ സഭ.

ഏഴാമത്തെ സമ്മേളനം.

(ഔദ്യോഗികറിപ്പോർട്ട്.)

കൊല്ലവർഷം ൧൧൨൭ ചിങ്ങം ൨൰ വെള്ളിയാഴ്ച ഡെപ്യൂട്ടിപ്രസിഡൻറ് മ. രാ. രാ. രാ പുഞ്ചക്കുളം കെ. എ. കൃഷ്ണയ്യങ്കാർ അവർകൾ ബി. എ. ബി. എൽ. ന്റെ അഗ്രാസനാധിപത്യത്തിൽ സഭ ൧൧-൰ വിളംബരിയ ക്ലോക്കിടവൺഹാളിൽ വച്ചുകൂടി.

എല്ലാമെമ്പർന്മാരും ഹാജരുണ്ടായിരുന്നു.

കല്ലാട്ട പുഞ്ചയെ കിളിരൂർകല്ലുർ പുഞ്ചയോട് സംയോജിപ്പിക്കുന്ന ഒരു ചാലുസംബന്ധമായ ചോദ്യം.

ബഹു. മി. എ. എസ്സ്. മാമ്മോദരൻ ആശാൻ (മാവേലിക്കര-കാഞ്ഞിരപ്പള്ളി): (എ) കടക്കാട്ടുശ്ശേരിനടുക്ക കല്ലാട്ടപുഞ്ചയിൽനിന്നും കടക്കാട്ടുശ്ശേരിയിലെ വടക്കു കിളിരൂർകല്ലുർ പുഞ്ചയിലേക്ക ഒരു ജലസേചനത്തോടുവെട്ടി ആ രണ്ടുപുഞ്ചയിലെയും ഗവണ്മെൻറിൽനിന്നും ഏതെങ്കിലും തടസ്സപ്പെടുത്തിയിട്ടുണ്ടോഎന്നും,

(ബി) (എ) ഭാഗത്തിനുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ ഏതുതരത്തിലുള്ള തടസ്സമാണെന്നും,

(സി) (എ) ഭാഗത്തിനു മറുപടി ഇല്ലെന്നാണെങ്കിൽ ആ ജോലികൊല്ലം ഡിവിഷനിലെ സ്പെഷ്യൽ ഇറിഗേഷൻ ആഫീസറാൽ ശിപാർശചെയ്യപ്പെട്ടിട്ടുള്ള തുകയാണോഎന്നും,

ഗവണ്മെൻറിനു പറയുവാൻ ഒരുവക ഉണ്ടാകുമോ?

മി. സി. ഒ. മാധവൻ (അസ്സിംഗ് ഗവണ്മെൻറ് സിക്രട്ടറി):

(എ) ഉവ്വ്.

(ബി) കൊല്ലം ഡിവിഷൻ ആഫീസർ ഈ ജോലിക്ക ഒരു അടങ്കൽ തയാറാക്കി ചീഫ് എഞ്ചിനീയർക്ക സമർപ്പിച്ചിട്ടുണ്ട്. അതു അദ്ദേഹം പരിശോധിച്ചുവരുന്നു.

(സി) ഇതിനു ഇടയാകുന്നില്ല.

മി. എ. എസ്. മാമ്മോദരൻ ആശാൻ (മാവേലിക്കര-കാഞ്ഞിരപ്പള്ളി): ൧൧൨൭-ലെ ബഡ്ജറ്റിൽ ഈ ജോലി ഉൾപ്പെടുത്തേണ്ടതുണ്ടോഎന്നുള്ള മെമ്പറിൽനിന്നും എനിക്കറിയാമോ?

മി. സി. ഒ. മാധവൻ (അസ്സിംഗ് ഗവണ്മെൻറ് സിക്രട്ടറി): അടങ്കൽ അവസാനമായി ഒത്തുനോക്കി തീർത്തിട്ടില്ലാത്തതുകൊണ്ടു ഈ ൧൧൨൭-ലെ ബഡ്ജറ്റിൽ ചേർക്കപ്പെട്ടിട്ടില്ല.

മി. എ. എസ്സ്. മാമ്മോദരൻ ആശാൻ (മാവേലിക്കര-കാഞ്ഞിരപ്പള്ളി): അടങ്കൽ കിട്ടിയിട്ടില്ലാത്ത പല ജോലികളും ബഡ്ജറ്റിൽ കൊള്ളിച്ചിട്ടില്ലല്ലോ?

മി. സി. ഒ. മാധവൻ (അസ്സിംഗ് ഗവണ്മെൻറ് സിക്രട്ടറി): ഈ ജോലിയെസംബന്ധിച്ചിടത്തോളമാണു ഞാൻ ആ മറുപടിതന്നിട്ടുള്ളതു.

മി. എ. എസ്. മാമ്മോദരൻ ആശാൻ (മാവേലിക്കര-കാഞ്ഞിരപ്പള്ളി): ൧൧൨൭-ൽ കൊല്ലം ഡിവിഷനിൽ പുതിയ വേലകൾക്കായി നിശ്ചയിച്ചിട്ടുള്ള പണം ചിലവാക്കി ചീഫ് എഞ്ചിനീയർക്ക ഈ ജോലിനടത്താമോ എന്നറിയിക്കുമോ?

ഡപ്യൂട്ടിപ്രസിഡൻറ്: നിങ്ങൾ തർക്കിക്കയാണു.

മി. എ. എസ്. മാമ്മോദരൻ ആശാൻ (മാവേലിക്കര-കാഞ്ഞിരപ്പള്ളി): സർ, ഞാൻ ഒരുചോദ്യം മാത്രമേ ചോദിക്കയാണു. ൧൧൨൭-ൽ കൊല്ലം ഡിവിഷനിൽ പുതിയവേലകൾക്കായി നിശ്ചയിച്ചിട്ടുള്ളപണം ചിലവാക്കി ഈ ജോലി നടത്താൻ ചീഫ് എഞ്ചിനീയർക്ക് അവകാശമുണ്ടോഎന്നു എങ്കിലും അറിയിക്കുമോ?

മി. സി. ഒ. മാധവൻ (അസ്സിംഗ്ഗവണ്മെൻറ് സിക്രട്ടറി): ചട്ടമനുസരിച്ചു ആപേക്ഷികമായുണ്ടാകുന്ന അവസരങ്ങളിൽ ഗവണ്മെൻറ് അനുഭാവത്തോടുകൂടി അദ്ദേഹത്തിനു അതുചെയ്യാം.

നൂറനാടു പന്തളം റോഡിൽ കലുങ്കുകളും പാലങ്ങളും കെട്ടുക.

മി. എ. എസ്സ്. മാമ്മോദരൻ ആശാൻ (മാവേലിക്കര-കാഞ്ഞിരപ്പള്ളി):

(എ) കടമ്പനാട്ടു വഴിയായി പോകുന്നതും സ്ഥലനിവാസികളാൽ വളരെ പ്രയാസപ്പെട്ടും വഴിയപണച്ചിലവു കഴിച്ചും നന്നാക്കപ്പെട്ടതും ആയനൂറനാടു-പന്തളം റോഡിൽ കലുങ്കുകളും പാലങ്ങളും പണികഴിപ്പിക്കുന്നതിനു വല്ല തുകകളും അടങ്കൽ തയാറാക്കപ്പെട്ടിട്ടുണ്ടോഎന്നും;

(ബി) (എ) ഭാഗത്തിനുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ ആ അടങ്കൽ തയാറായ തീയതിയും ജോലി തുടങ്ങിപ്പിടിക്കുവാൻ ചെയ്യപ്പെട്ടിട്ടുള്ള മേൽ നടപടികളും;

(സി) (എ) ഭാഗത്തിനുള്ള മറുപടി നിഷേധമാണെങ്കിൽ പൊതുജനങ്ങളുടെ ആവശ്യപ്രകാരവും സഭയിൽ അറിയിച്ചിട്ടുള്ളപ്രകാരവും നടപടി ഒന്നും നടത്താത്തതെന്തു കൊണ്ടെന്നും;

ഗവണ്മെൻറിൽനിന്നും മറുപടി പ്രസ്താവിക്കുമോ?

മി. സി. ഒ. മാധവൻ (അസ്സിംഗ് ഗവണ്മെൻറ് സിക്രട്ടറി):

(എ) ഉവ്വ്.

(ബി) കൊല്ലവർഷമാസം ൧-൰ ചീഫ് എഞ്ചിനീയരിൽനിന്നും ആ ജോലിക്ക ഒരു അടങ്കൽ കിട്ടിയിട്ടുള്ളതും അതിനെപ്പറ്റി ഗവണ്മെൻറ് ചർച്ചചെയ്തുവരുന്നതും അറിയുന്നു.

(സി) (ബി) ഭാഗം ചോദ്യത്തിലെ മറുപടിയുടെ നിലക്ക ഈ ചോദ്യത്തിനു ഇടയാകുന്നില്ല.

അട്ടക്കുളങ്ങര കിഴക്കേവിൽ ചിറ

നം. മി. ഇ. വി. കൃഷ്ണപിള്ള (കൊട്ടാരക്കര-കുന്നത്തൂർ):

(എ) അട്ടർ ഇംപ്രൂവ്മെന്റ് ട്രസ്റ്റിന്റെ സമീപപ്രദേശമായ കിഴക്കേവിൽ ചിറ വിസ്തൃതമാക്കുന്നതിനേയും ആഴംകൂട്ടുന്നതിനേയും കുറിച്ചു എപ്പോഴെങ്കിലും ഒരാലോചനയുണ്ടായിരുന്നോ എന്നും;

(ബി) ഉണ്ടായിരുന്നെങ്കിൽ ഇതുവരെയും അതു ചെയ്യാത്തതെന്തുകൊണ്ടു ? എന്നും;

പ്രസ്താവിക്കുന്നതിനു ഗവണ്മെന്റിനു ഔദ്യോഗികമോ?

മി. സി. ഒ. മാധവൻ (ആക്ടിംഗ് ഗവണ്മെന്റ് സിക്രട്ടറി):

(എ) അട്ടർ സമീപം എം. സി. റോഡിൽ അരപ്രതാമരത്തു മയിൽക്കുറ്റികൾ സ്ഥിതിചെയ്യുന്നപുതിയകാവിൽ ചിറയെയാണു മെമ്പർ ഉദ്ദേശിക്കുന്നതെങ്കിൽ കമ്മ്യൂ-ാം പ്രാരംഭ ബഡ്ഡുറിൽ നം. രൂപ നിർദ്ദേശിച്ചിട്ടുണ്ടു. (പി. ഡബ്ലിയു. ഡി. ജോലികാർക്കു ബഡ്ഡുറ എസ്റ്റിമേറ്റ രണ്ടാംപാരത്തിൽ കാണാം.)

(ബി) പണത്തിന്റെ കുറവുകൊണ്ടു ആ ജോലിചെയ്തില്ല.

വിൽക്കപ്പെടാതെയുള്ള തന്നാട്ടുനെല്ല്.

നക്ഷ. മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു):

(എ) ഈ രാജ്യത്തുണ്ടായിട്ടുള്ള നെല്ലിൽ എത്രശതമാനം അംശം ഇപ്പോൾ (൧൯൫൯-൬൦ൽ) വിൽക്കപ്പെടാതെ കിടപ്പുള്ള തായി ഗവണ്മെന്റിനു അറിവുണ്ടോ? എന്നും;

(ബി) ഉണ്ടെങ്കിൽ, വിൽക്കപ്പെടാത്ത നെല്ലു എത്രമാത്രമെന്നും, ഗവണ്മെന്റിൽനിന്നും ഭയമായി പ്രസ്താവിക്കുമോ?

മി. സി. ഒ. മാധവൻ (ആക്ടിംഗ് ഗവണ്മെന്റ് സിക്രട്ടറി):

(എ) ഗവണ്മെന്റിനു അറിവില്ല.

(ബി) മേൽ (എ) ഓർത്തിന്റെ മറുപടിയുടെ നിലക്കു ഈ ചോദ്യത്തിനു ഇടയാകുന്നില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): അറിവുകിട്ടിയില്ല എന്നു ഗവണ്മെന്റുപറയുന്നു. ഗവണ്മെന്റിൽനിന്നും ആ അറിവു ശേഖരിക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ എന്നറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി. സി. ഒ. മാധവൻ (ആക്ടിംഗ് ഗവണ്മെന്റ് സിക്രട്ടറി):

അങ്ങനെയാലോചനയായ ഒരപ്രവൃത്തിയായിരിക്കും.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): ആ അറിവുലഭിക്കുന്നതു അസാദ്ധ്യമെന്നാണോ മെമ്പർ അർത്ഥമാക്കുന്നതു?

മി. സി. ഒ. മാധവൻ (ആക്ടിംഗ് ഗവണ്മെന്റ് സിക്രട്ടറി): പ്രയാസത്തിനതീതമല്ല പ്രയോജനം അതുകൊണ്ടില്ല എന്നാണു ഞാൻ അർത്ഥമാക്കുന്നതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): ഈ രാജ്യത്തിൽ നെല്ലു ഇറക്കുമതിചെയ്യുന്നതിൽ ചിലയന്ത്രണവ്യവസ്ഥകൾ വേണമെന്ന പലസ്ഥാനങ്ങളിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ടു എന്ന മെമ്പറിനറിവുണ്ടോ?

മി. സി. ഒ. മാധവൻ (ആക്ടിംഗ് ഗവണ്മെന്റ് സിക്രട്ടറി): ഉണ്ടാവാം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): നെല്ലിന്റെ ഇറക്കുമതിയിൽ ചിലനിയന്ത്രണവ്യവസ്ഥകൾ ഉണ്ടാക്കണമെന്നുള്ളതിനെക്കുറിച്ചു പല സ്ഥാനങ്ങളിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ടു്.

മി. സി. ഒ. മാധവൻ (ആക്ടിംഗ് ഗവണ്മെന്റ് സിക്രട്ടറി): അങ്ങനൊരാലോചനയുണ്ടായിരിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): ആ അറിവു സംഭരിക്കുവാൻ ഇടയുണ്ടാക്കുകയില്ലെന്നു മെമ്പർ വിചാരിക്കുന്നുവോ?

മി. സി. ഒ. മാധവൻ (ആക്ടിംഗ് ഗവണ്മെന്റ് സിക്രട്ടറി): മെമ്പറിനു ഇറക്കുമതിചെയ്യുന്ന നെല്ലു എത്രയെന്നു അറിയുന്നതിൽ അഭ്യുപഗമമുണ്ടെങ്കിൽ ആ സംഗതിയെപ്പറ്റി പരിശോധിക്കാം, എന്നാൽ ഓരോ വസ്തുതകൾക്കും പ്രയാസത്തിനതീതമായ പ്രയോജനം അതിലില്ലെന്നാണു വിചാരിക്കുന്നതു.

കമ്മ്യൂൺ നിയമസഭയും പ്രജാസഭയും കൂടുന്നതിനു വിക്ടോറിയാ ജൂബ്ലിടൗൺഹാളിന്റെ പരിസരങ്ങളിൽ ഷെഡുകൾ പണിയിക്കുന്നതിനുള്ള ചിലവു.

നക. മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): കമ്മ്യൂ-ൽ ശ്രീമൂലം പ്രജാസഭയും നിയമസഭയും കൂടുന്നതു പ്രമാണിച്ചു വിക്ടോറിയജൂബ്ലിടൗൺ ഹാളിന്റെ പരിസരങ്ങളിൽ താൽക്കാലിക ഷെഡുകൾ പണികഴിപ്പിക്കുന്നതിലേക്കായി വന്നിട്ടുള്ള ചിലവു എന്തെന്നു പറയുന്നതിലേക്കു ഗവണ്മെന്റിനെതയ്യാറാകുമോ?

മി. സി. ഒ. മാധവൻ (ആക്ടിംഗ് ഗവണ്മെന്റ് സിക്രട്ടറി): കണക്കു ശേഖരിച്ചുകൊണ്ടിരിക്കുന്നു.

കമ്മ്യൂ-ം കമ്മ്യൂ-ം ഇടക്കു പ്രതിവത്സരം ഇല്ലാതെയുള്ള നാട്ടുരാജവല്യന്മാരുടെയും ശസ്ത്രരാജവല്യന്മാരുടെയും സ്ഥാനത്തെക്കുള്ള അപേക്ഷകർ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു):

നന. (എ) കഴിഞ്ഞമൂന്നുകൊല്ലങ്ങളിലേയ്ക്കും (കമ്മ്യൂ-കമ്മ്യൂ൬) ഇടയിൽ പ്രതിവത്സരം ഇല്ലാതെയുള്ള രാജവല്യന്മാരുടെയും ശസ്ത്രരാജവല്യന്മാരുടെയും ജോലിക്കു രാജവൈദ്യസംബന്ധമായ പരീക്ഷയായോ മറ്റോ സമ്പാദിച്ചിട്ടുള്ള അളുകളിൽനിന്നും എത്രപേരപേക്ഷകരാണു കിട്ടിയിട്ടുണ്ടെന്നും;

(ബി) അവരെയെങ്ങനെതിരഞ്ഞെടുത്തുവെന്നും;

ഗവണ്മെന്റിൽനിന്നും പ്രസ്താവിക്കുന്നതിനു ഔദ്യോഗികമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി):

(എ) ഒന്നു,

(ബി) മെഡിക്കൽ ഡിസ്പെൻസർമാരിൽ പ്രത്യേക പരിശീലനമില്ലാത്തവരെയുള്ള വൈദ്യന്മാരെയും ശസ്ത്രവൈദ്യന്മാരെയും നിയമിക്കുന്നതിന്റെ ഉദ്ദേശ്യത്തെപ്പറ്റി ഗവണ്മെന്റ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ഇപ്പോൾ അങ്ങിനെ ഒരഭിപ്രായം ഗവണ്മെന്റിനുണ്ടെന്ന് അറിവില്ല.

ശ്രീ. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): അതു ആലോചിക്കാർഹമാണെന്നു ഗവണ്മെന്റ് വിചാരിക്കുന്നുണ്ടോ?

ശ്രീ. പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അവസരം കിട്ടുമ്പോൾ ഗവണ്മെന്റ് ആ വിഷയത്തെപ്പറ്റി പരിശോധിക്കും.

ശ്രീ. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): അതിന്റെ അർത്ഥം ആ വിഷയം ഗവണ്മെന്റിന്റെ ആലോചനയ്ക്കു പാത്രമായിട്ടില്ലെന്നാണോ, അങ്ങിനെതന്നെയോ?

ശ്രീ. പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അതെ.

ശ്രീ. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഇപ്പോൾ ഈ വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നു. പ്രതിഫലംകൂടാതെയുള്ള വൈദ്യന്മാരെയും ശസ്ത്രവൈദ്യന്മാരെയും നിയമിക്കുന്നതു ആശാസ്യമാണെന്നു ഗവണ്മെന്റ് വിചാരിക്കുന്നുവോ?

ശ്രീ. പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അതിനെപ്പറ്റി പരിശോധിക്കാം:

പേയാട്—വെള്ളനാട് റോഡിന്റെ പുനർനിർമ്മാണം.

*൩൪. ശ്രീ എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറ്റിൻകര): നെയ്യാറ്റിൻകര താലൂക്കിലെ പേയാട്ടിൽനിന്നാരംഭിച്ചു വെള്ളനാട്ടിലേക്കുള്ള റോഡിനെ സംബന്ധിച്ചു താഴെപറയുന്ന വിവരങ്ങൾ ഗവണ്മെന്റിൽനിന്നും പറഞ്ഞുതരുമോ?

(എ) ആ റോഡുപുനർനിർമ്മിയ്ക്കപ്പെട്ടുവോ? ഇതുള്ളതിൽ എന്തുകൊണ്ടു പുനർനിർമ്മിയ്ക്കപ്പെട്ടില്ല.

(ബി) അതുസംബന്ധിച്ചുസ്ഥലം ഏതെങ്കിലും പ്രകൃതശപ്പെടുത്തുന്നതിനു അനുവാദം ലഭിയ്ക്കേണ്ടതുണ്ടോ? ഉണ്ടെങ്കിൽ അങ്ങിനെ എടുക്കപ്പെട്ടസ്ഥലത്തിന്റെ വിസ്തീർണ്ണവും അതിനുകൊടുത്തിട്ടുള്ള പ്രതിഫലവും.

ശ്രീ. സി. ഒ. മാധവൻ (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി):

(എ) ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഇരുമ്പനം ജോലിയും തീർപ്പിടിക്കുന്ന പണി ഒഴിച്ചു മിക്കവാറും റോഡു തീർന്നുകഴിഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ൪ മൈൽ സെൻറ് സ്ഥലംവരെ എടുത്തിട്ടുള്ളതും അതിനു വേണ്ട രൂപ ചെലവു പ്രതിഫലം കൊടുത്തിട്ടുള്ളതുമാകുന്നു.

ശ്രീ. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറ്റിൻകര): യഥാർത്ഥമായി എപ്പോഴാണ് വേലയാരംഭിച്ചിട്ടുള്ളതെന്നു മെമ്പർ ക്ഷമിച്ചു പറഞ്ഞുതരുമോ?

ശ്രീ. സി. ഒ. മാധവൻ (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി): പ്രസ്തുതറോഡിന്റെ ആകെ നീളം അഞ്ചു മൈലാണ്, അതുകൊണ്ടാണ് രണ്ടര മൈൽവരെ ഴിച്ചു ബാക്കിറോഡു യാത്രാക്ലേശത്തിനു യോഗ്യമായിരിക്കുന്നതു. അങ്ങനെ പി. ഡബ്ലിയു. ഡി. ആ ജോലി ആദ്യമായിട്ടു ആരംഭിക്കുകയും റോഡിന്റെ ഒന്നാം മൈൽ നന്നാക്കുകയുംചെയ്തു.

ശ്രീ. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറ്റിൻകര): ഈ പ്രവൃത്തി അയിരുന്നോ?

ശ്രീ. സി. ഒ. മാധവൻ (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി): അല്ല, പ്രവൃത്തി ആയിരുന്നു.

ശ്രീ. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറ്റിൻകര): പ്രവൃത്തിയും പ്രവൃത്തിയും തമ്മിൽ എപ്പോഴെങ്കിലും ഈ വേല തുടങ്ങാവുന്നതായിരുന്നോ എന്നു എന്നെ അറിയിക്കുമോ?

ശ്രീ. സി. ഒ. മാധവൻ (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി). ആ ചോദ്യത്തെസംബന്ധിച്ചിടത്തോളം മുന്നറിവു ഞാൻ അവകാശപ്പെടുന്നു.

ശ്രീ. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറ്റിൻകര): (എ) ഓർഡറിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തിട്ടപ്പെടുത്തുന്നതിനെ സംബന്ധിച്ചു എപ്പോഴാണ് ആ പണി തുടങ്ങിച്ചുവെന്നു മെമ്പർ പറഞ്ഞുതരുമോ?

ശ്രീ സി. ഒ. മാധവൻ (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി): എനിക്കു അതിനെപ്പറ്റി വിവരമില്ല. തിട്ടപ്പെടുത്തുന്ന പണിയൊഴിച്ചു പണിപൂർത്തിയായിരിക്കുന്നു.

ശ്രീ. എൻ കെ. കുഞ്ഞുപിള്ള (നെയ്യാറ്റിൻകര): എപ്പോഴേക്കു ആ ജോലി പൂർത്തിയാകുമെന്നുള്ളതിനെപ്പറ്റി മെമ്പറിനു വല്ല ഊഹവുമുണ്ടോ?

ശ്രീ. സി. ഒ. മാധവൻ (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി): ഒരുകൊല്ലം ഇപ്പോഴേക്കും ആ പൂർത്തിയായിട്ടുണ്ട്.

ശ്രീ. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറ്റിൻകര): അതിനെസംബന്ധിച്ചു ഏതെങ്കിലും റിപ്പോർട്ട് മെമ്പറിന്റെ കൈവശമുണ്ടോ?

ശ്രീ. സി. ഒ. മാധവൻ (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി): വേലയുടെ ബാക്കി ഭാഗവും പൂർത്തിയാക്കുന്നതിലേക്കുള്ള ചീഫ് എഞ്ചിനീയരുടെ അടങ്കൽ അനുവദിച്ചിട്ടുണ്ട്. എന്നിരിവാൻകഴിഞ്ഞിടത്തോളംകൊണ്ടു ഈ സമയത്തിനകം വേല പൂർത്തിയാക്കിയിരിക്കണം.

സംസ്ഥാനത്തെ സാമ്പത്തിക പുരോഗതി

൩൫. ശ്രീ. ജോസഫ് കുഞ്ഞു (കുന്നത്തുനാട്-പിറവം):

(എ) ഇക്കൊല്ലത്തെ (൧൯൫൬)-ലെ രണ്ടാം സെഷനിലോ മറ്റോ സാമ്പത്തിക പുരോഗതിയെപ്പറ്റി നടത്തപ്പെട്ടിട്ടുണ്ടോ? എന്നും;

(ബി) ഉണ്ടെങ്കിൽ എങ്ങിനെ, ഏതു ലക്കാരത്തിൽ അതു നടത്തപ്പെട്ടു എന്നും;

(സി) ആ കാര്യത്തിലേക്കു നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് സെൻസസുകമ്മീഷണർ വകയിട്ടുള്ള നിർദ്ദേശങ്ങളെ കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറ് ഗവണ്മെൻറ് മേശമേൽവയ്ക്കുമോ? എന്നും;

(ഡി) ആ നിർദ്ദേശങ്ങളനുസരിച്ചുതന്നെ അതു സംബന്ധിച്ചുള്ള ഉദ്യോഗസ്ഥന്മാർ അവരുടെ ജോലി നിർവഹിച്ചിട്ടുണ്ടോഎന്ന കാര്യങ്ങളിലും പരിശോധിച്ചിട്ടുണ്ടോഎന്നും;

ഗവണ്മെൻറിൽനിന്നും പ്രസ്താവിക്കുന്നതിനു മയപ്പെടുമോ?

മി. കെ. ജാസ്സ് (ഗവണ്മെൻറ് പ്ലീഡർസെക്രട്ടറി): (എ) കഴിഞ്ഞ സെൻസസ്സിനോടുകൂടി ജനങ്ങളുടെ സാമ്പത്തികനിലയസംബന്ധിച്ചു ചില വിവരങ്ങൾകൂടി ശേഖരിച്ചിട്ടുണ്ട്.

(ബി) അതിലേക്കു ഒരു ലഘുപട്ടിക തയാറാക്കീട്ടുണ്ട്. പ്രാരംഭകണക്കെടുക്കുന്നതിനായി നിയമിക്കപ്പെട്ട എണ്ണമാറാറന്മാർക്കു ഈ പട്ടികയുടെ ആവശ്യമുള്ള കാര്യങ്ങൾ കൊടുത്തു തൽസംബന്ധമായ അഭ്യർത്ഥനകളോടുകൂടെ നേരിട്ടുചോദിച്ചു അവ പൂരിപ്പിക്കുന്നതിനു അവരോടു ആവശ്യപ്പെടുകയുണ്ടായിട്ടുണ്ട്.

(സി) പട്ടികകളുടെ ഓരോ പ്രതിയുടെയും പൂരിപ്പിക്കുന്നതിനെസംബന്ധിച്ചുള്ള നിർദ്ദേശങ്ങളും സെൻസസ്സ് കോട്ട ഒന്നാമാഗം ഗ്രന്ഥം അഭ്യുദയാരമാംബകുപ്പിൽ അച്ചടിച്ചിട്ടുണ്ട്. നോക്കാൻ എളുപ്പത്തിനുവേണ്ടി അവയെ എണ്ണമാറാറൻമാരുടെ പുറന്താളിൽ മലയാളത്തിൽ അച്ചടിച്ചിട്ടുള്ളതു കൂടാതെ എല്ലാ സെൻസസ്സുദ്യോഗസ്ഥന്മാർക്കും പ്രത്യേകമായി അച്ചടിച്ചു വിതരണംചെയ്തിട്ടുള്ള നിർദ്ദേശങ്ങളുടെ കൂട്ടത്തിൽ അവരെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. നിർദ്ദേശങ്ങളുടെയും ക്ലൂനിർദ്ദേശങ്ങളുടെയും ആ വിഷയത്തെ സംബന്ധിച്ചുള്ള സർക്കുലറുകളുടെയും പകർപ്പു നിയമസഭാസെക്രട്ടറിയുടെ ആഫീസിൽ വായിക്കാൻ കിട്ടുന്നതാണ്.

(ഡി) ഓരോ അയ്യണ്ണു എണ്ണമാറാറന്മാർക്കും ഒരു സൂപ്രണ്ടുദ്യോഗസ്ഥരീതം നിയമിച്ചിട്ടുണ്ട്. എന്നു മാത്രമല്ല ഓരോ എണ്ണമാറാറന്മാരുടെയും കണക്കിൽ മൂന്നു ശതമാനം സൂപ്രണ്ടുദ്യോഗസ്ഥന്മാർ ശരിയോഎന്നു ഒത്തുനോക്കിയിട്ടുണ്ട്. കൂടാതെ ഓരോ താലൂക്കിലേക്കും ഒരു ചാർജ്ജ് സൂപ്രണ്ടും ഉണ്ടായിരുന്നു. അവർ പട്ടികയിൽചേർത്തിട്ടുള്ളതിൽ മൂന്നു ശതമാനത്തിൽകുറയാതെ ശരിയോഎന്നു നോക്കിയിട്ടുണ്ട്. എന്നു മാത്രമല്ല തെരഞ്ഞെടുക്കപ്പെട്ട സൂപ്രണ്ടുദ്യോഗസ്ഥന്മാരും ചാർജ്ജ് സൂപ്രണ്ടന്മാരും ശരിയോഎന്നു നോക്കിയ മാതൃകാപട്ടിക സെൻസസ്സ് ആഫീസിലെ ന്യൂനപൂർവമായ പരിശോധനക്കു പാത്രമായതിനുശേഷം തൽസംബന്ധമായ എല്ലാവരുടെയും മാർഗ്ഗദർശിയാകത്തക്കവണ്ണം ചാർജ്ജ് സൂപ്രണ്ടിനു മടക്കിഭദ്രമായച്ചുകൊടുക്കപ്പെട്ടു. മിക്കവാറും ചാർജ്ജുകളിലും നടത്തപ്പെട്ട ജോലി സെൻസസ്സുകമ്മീഷണർതന്നെ നേരിട്ടു പരിശോധിച്ചിട്ടുണ്ട്.

സംസ്ഥാനത്തിൽ താളികേരവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ.

നമ്പ. മി. കെ. പി. മാധവൻപിള്ള (ചേർത്തല): താളികേരവ്യവസായത്തിൽ നവീനസംരംഭം സമാരംഭിക്കുന്നതിനു ഗവണ്മെൻറ് എന്തെങ്കിലും പദ്ധതികൾ അംഗീകരിക്കുകയോ എന്തെങ്കിലും ഏർപ്പാടുചെയ്യുകയോചെയ്തിട്ടുണ്ടോഎന്നു ഗവണ്മെൻറിൽനിന്നു ദയവായി പറഞ്ഞുതരുമോ?

മി. സി. ഒ. മാധവൻ (അക്ടിംഗ് ഗവണ്മെൻറ്സെക്രട്ടറി): മറുപടി നിഷേധത്തിലാണ്.

മി. കെ. പി. മാധവൻപിള്ള (ചേർത്തല): തെങ്ങുവ്യവസായത്തിൽ ഒരു നൂതനപ്രസ്ഥാനം ആരംഭിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോഎന്ന കാര്യം പറഞ്ഞുതരുമോ?

മി. സി. ഒ. മാധവൻ (അക്ടിംഗ് ഗവണ്മെൻറ്സെക്രട്ടറി): തൽക്കാലം ഗവണ്മെൻറിനു ഉദ്ദേശമില്ല

മി. കെ. പി. മാധവൻപിള്ള (ചേർത്തല): സംസ്ഥാനത്തുള്ള പ്രധാനവ്യവസായങ്ങളിൽ ഒന്നാണ് താളികേരവ്യവസായമെന്നു മൈസർ അറിയുന്നില്ലയോ?

മി. സി. ഒ. മാധവൻ (അക്ടിംഗ് ഗവണ്മെൻറ്സെക്രട്ടറി): മറ്റെല്ലാവരെപ്പോലെ ഗവണ്മെൻറും അതറിയുന്നുണ്ട്.

ആലപ്പുഴ ദൂരദേശത്തെ കോട്ടയത്തോടും ചങ്ങനാശ്ശേരിയോടും സന്ധിപ്പിക്കുന്നതിനു ഒരു റോഡു ഉറക്കുന്നതു്.

നമ്പ. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (വാണിജ്യവ്യവസായസംഘങ്ങൾപ്രതിനിധികൾ വടക്കൻമെമ്പർ): (എ) കോട്ടയത്തുനിന്നോ ചങ്ങനാശ്ശേരിയിൽനിന്നോ ആലപ്പുഴ ദൂരദേശത്തേക്കു ഒരു റോഡുണ്ടാക്കുന്നസംബന്ധിച്ചു ഗവണ്മെൻറിൽനിന്നും പഠിച്ചുവരുന്നുണ്ടോഎന്നും;

(ബി) ഉണ്ടെങ്കിൽ ആകാര്യത്തിൽ ഗവണ്മെൻറിൽനിന്നും എന്തു പ്രവർത്തിച്ചിട്ടുണ്ടു എന്നും;

പറഞ്ഞുതരുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. സി. ഒ. മാധവൻ (അക്ടിംഗ് ഗവണ്മെൻറ്സെക്രട്ടറി):

(എ) ആ സംഗതി ഭീമമായ പുണ്ണംമുടക്കിനെ അർഹിക്കുന്നതും പരിപൂർണ്ണിയായി പഠിച്ചുവരുന്നതുമാണ്.

(ബി) (എ) ഭാഗം ചോദ്യത്തിൻറെ മറുപടിയുടെ നിലക്കു ഈ ചോദ്യത്തിൻറെ ആവശ്യം ഇല്ലല്ലോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (വാണിജ്യവ്യവസായസംഘങ്ങളുടെയുക വടക്കൻമെമ്പർ): കോട്ടയം-ആലപ്പുഴ റോഡിനെസംബന്ധിച്ചു വലിയചിലവുചെയ്തുകാണുന്നതിനാൽ ആലോചിച്ചില്ല എന്നു പറഞ്ഞു. എന്നാൽ ചാക്കോ-തരകൻ റയിൽവേ എക്സ്റ്റൻഷനു ചിലവുചെയ്തിട്ടുള്ള തുകയെക്കാൾ കുടുതലാകുമോ ഇതിനു വേണ്ടിവരുന്നതു?

ഡിപ്യൂട്ടിപ്രസിഡൻറ്: അതു ഒരു ഉപചോദ്യമായിട്ടുവരുന്നതുകൊണ്ടു ഞാൻ ചോദിക്കുന്നു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (വാണിജ്യവ്യവസായസംഘങ്ങളുടെയുക വടക്കൻമെമ്പർ): തരകൻ റയിൽവേ എക്സ്റ്റൻഷനെക്കാൾ പ്രയോജനകരമാണ് കോട്ടയം-ആലപ്പുഴ റോഡ് എന്നു ഗവണ്മെൻറിനു അഭിപ്രായമുണ്ടോ?

മി. സി. ഒ മായവൻ (ആക്ടിംഗ് ഗവണ്മെൻറ്സെക്രട്ടറി): സർ, ഞാൻ ഈ ചോദ്യത്തിനു ഉത്തരം പറയണമോ?

ഡിപ്യൂട്ടിപ്രസിഡൻറ്: നിങ്ങൾക്കു അതിലേക്കു ഇഷ്ടമുണ്ടെങ്കിൽ.

ധനാഭ്യർത്ഥനകൾ.

ഡിപ്യൂട്ടിപ്രസിഡൻറ്: ഇനി നമുക്കു ധനാഭ്യർത്ഥനകളെപ്പറ്റി പ്രതിപാദിക്കുന്നതിനു ആരംഭിക്കാം.

അഭ്യർത്ഥന 4—പൊതുമരാമത്തുഡിപ്പാർട്ടുമെൻറ്.

മി. ജെ. എസ്സ്. മെയ്സ്റ്റർഡേൽ (ചീഫ് എഞ്ചിനിയർ): സർ, പൊതുമരാമത്തിൽ ആകെ അഭ്യർത്ഥനയായി നാല്, പന്ത്രണ്ടു രൂപയിൽക്കുടാത്ത ഒരുതുകയുടെ അനുവാദത്തിനായി അപേക്ഷിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ്: ഒന്നാം ഉപക്ഷേപം ഇങ്ങനെയാണ്:-

"മി. എ. എസ്സ്. ഓമോരൻനായർ:

ക്ലാക്കന്മാരാലിയായ ജോലിക്കാർക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ള നാല്, പന്ത്രണ്ടു രൂപയിൽനിന്നും നാലു രൂപ കൂടുന്നതിനു"

മി. ഓമനോടു ഉപക്ഷേപംഫാജരാക്കാൻ ആവശ്യപ്പെട്ടന്നതിനുമുമ്പായി, ഉപക്ഷേപം ഫാജരാക്കുന്നതുമുമ്പിനും ഉദ്യോഗസ്ഥന്മാരിനും പറ്റുമിന്നിട്ടുവിധവും മറ്റുള്ള എല്ലാമെമ്പന്മാർക്കും അങ്ങുമിന്നിട്ടുവിധവും അനുവദിച്ചുള്ള സ്റ്റാൻറിംഗ്ഓർഡറുകളിലേക്കു ഞാൻ സഭയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ഈ അഭ്യർത്ഥന പൂർത്തിയാക്കണമെങ്കിൽ സായാഹ്നത്തിനുമുമ്പു വളരെ ജോലിചെയ്യാനുള്ളതുകൊണ്ടു സമയം തീട്ടിക്കിട്ടണമെന്നു അറുപത്തുപ്പെടുത്തുന്നു എന്നതും പ്രത്യേകം ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു. ഇതു ഒരു ഉൽബോധനമാത്രമാണെന്നുള്ളതു തിർവ്വന്ദമായ ആവശ്യമല്ല. പ്രതിപാദനത്തിനു നിങ്ങൾക്കുള്ള അവകാശത്തെ കുറക്കുന്നതിനു അധ്യക്ഷസ്ഥാനത്തുനിന്നുള്ള ഒരു ശ്രമമായി ഇതിനെ യിങ്ങനെ പരിഗണിക്കുന്നതുതന്നെ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണു ഞാൻ ഇതൊരുൽബോധനമായിപറയുന്നുഎന്നു പറഞ്ഞതു. നിങ്ങളിൽ ഓരോരുത്തരും സംസാരിക്കുന്നതിനു ഞാനുദ്ദേശിക്കുന്നുഎങ്കിൽ നിങ്ങൾ ഓർഡറിൽക്കയിരിക്കുന്നതും ഞാൻ അതിനു പ്രതിബന്ധമായി നിൽക്കയില്ലാത്തതുമാകുന്നു. അഞ്ചു മണിക്കു ഉപക്ഷേപങ്ങൾ പ്രതിപാദിക്കപ്പെടാതെ വീഴുകയായിപ്പോകുന്നതിനിടയാക്കുന്നതിനുപകരം പല ഉപക്ഷേപങ്ങളും പരിഗണിക്കുന്നതാണുള്ളതു, സഭ്യോചിതമായ സാമുദായിക നടപടിക്രമങ്ങളുടെ അതിരുകളുല്ലംഘിക്കാതെ സന്നിഹിതരായിരിക്കുന്നവരുടെ സന്തുഷ്ടിക്കനുസരിച്ചു ഈ അംഗീകരിക്കുകയോ തള്ളുകയോ ചെയ്യുന്നതാണു ഞാൻ ഉൽബോധിപ്പിക്കുന്നുള്ളു.

ഉപക്ഷേപം 4.

മി. എ. എസ്. ഓമോരൻനായർ (മാവേലിക്കര-കാർത്തികപ്പള്ളി): ഞാൻ താഴെപറയുന്ന ഉപക്ഷേപം ഫാജരാക്കുന്നു.

"ക്ലാക്കന്മാരാലിയായ ജോലിക്കാർക്കു നിശ്ചയിച്ചിട്ടുള്ള നാല്, പന്ത്രണ്ടു രൂപയിൽനിന്നും നാലു രൂപ കൂടുന്നതിനു"

സർ, ബഡ്ഡറിനെപ്പറ്റിയുള്ള എൻറെ രണ്ടാമത്തെ പ്രസംഗത്തിൽ ഞാൻ പ്രസ്താവിച്ചതുപോലെ (തരാതരമാസ്സുള്ളതു) കായി മന്ത്രിയുടെ ചില പ്രവർത്തനങ്ങൾ പി. ഡബ്ലിയു. ഡി. ഈ രാജ്യത്തിൽ ഉണ്ടാക്കിയിട്ടുള്ള ആഘാതങ്ങൾ ചിലപ്പോൾ ലക്ഷമായി കുറച്ചിട്ടുണ്ടു എന്നുള്ളതു ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടു. പൊതുമരാമത്തുഡിപ്പാർട്ടുമെൻറിൽ പ്രധാനമേധിയുടെയുടെ ഭാഗത്തു അവർ കുറവുചെയ്തിട്ടുണ്ടു.

ഡിപ്യൂട്ടിപ്രസിഡൻറ്: ഇടയ്ക്കു രണ്ടുപ്രാവശ്യം നന്നായി അവതരിപ്പിക്കണം. ഒരു നിർദ്ദിഷ്ടമായ കുറവിനു അഭിപ്രായപ്പെട്ടതുകൊണ്ടു ഈ ഉപക്ഷേപത്തിൻമേൽ ഡിപ്പാർട്ടുമെൻറിനെ നയത്തെപ്പറ്റി വിമർശിക്കുന്നതിനുപറ്റുന്നതല്ല.

മി. എ. എസ്. ഓമോരൻനായർ (മാവേലിക്കര-കാർത്തികപ്പള്ളി): ഞാൻ അങ്ങനെചെയ്യുന്നില്ല.

ഡിപ്യൂട്ടിപ്രസിഡൻറ്: മൂവായിരംരൂപയ്ക്കു ക്ലാക്കന്മാരായുള്ള ജീവനക്കാരെ കുറവുചെയ്യുന്നതുകൊണ്ടു പൊതുജനങ്ങളുടെമേൽ ഡിപ്പാർട്ടുമെൻറിനേക്കാൾ പ്രയോജനത്തെ ഉപദ്രവമേൽപ്പിക്കയല്ലേ നിങ്ങൾക്കു സഭയെ ബോദ്ധ്യപ്പെടുത്തേണ്ടതു. ഈ ഉപക്ഷേപത്തിനു അനുമതിതരേണ്ടതിനു നിങ്ങൾക്കു പ്രതിപാദിക്കാൻ സാധിക്കയുള്ളു.

മി. എ. എസ്. ഓമോരൻനായർ (മാവേലിക്കര-കാർത്തികപ്പള്ളി): അതാണു ഞാൻ ചെയ്യാൻപോകുന്നതു. അതുകൊണ്ടു, പി. ഡബ്ലിയു. ഡി. യിൽ ഏറ്റവും പ്രയാസമായ ഇതത്തിലുള്ളിനും പത്തുലക്ഷംരൂപ കുറവുചെയ്തിരിക്കുന്നസ്ഥിതിക്കു, ചീഫ് എഞ്ചിനീയരുടെ ഓഫീസിലെ ഇരുപതുമുതൽ ക്ലാക്കന്മാരെയും അതുപോലുള്ള മറ്റുദ്യോഗസ്ഥന്മാരെയും ടൈപ്പിസ്റ്റുകളെയും വച്ചുകൊണ്ടിരിക്കുന്നതിനെന്തു ഞാൻ അറിയുന്നില്ല. പുതിയ മേജർ (തരാതരമാസ്സുള്ളതു) കുള്ള തുകയുടെ നാലു ശതമാനം അവർ കുറവുചെയ്തിട്ടുണ്ടു, എന്നാൽ പ്ലാസ്റ്റർഓഫ് പാരിസ് മെൻറിൽ പത്തുശതമാനത്തിൻറെ മാത്രം കുറവിനെ ഞാൻ ആവശ്യപ്പെടുന്നുള്ളു, ഇതു കുറഞ്ഞുള്ള ഒരുചിതമായ അഭ്യർത്ഥനമാത്രമാണെന്നാണു ഞാൻ പ്രസ്താവിക്കുന്നതു. സഭയുടെ അറിവിനായി ഞാൻ ഫോർവേഡ് ബഡ്ഡറിനെ എടുത്തുപറഞ്ഞിരുന്നു, അതിനു ചീഫ് എൻജിനീയരുടെ ആഫീസിലെ എസ്റ്റാബ്ലിഷ്മെൻറിൽ നാം ചിലജീവനക്കാർ മാത്രമുണ്ടായിരുന്നതായിട്ടു കണ്ടെത്തുന്നു. ഇപ്പോൾ അതു നാം കുറയ്ക്കുവാൻ വിധിച്ചിട്ടുണ്ടു, അതുകൊണ്ടു ഫോർവേഡ് വിധിച്ചിട്ടുള്ള തുകയിലും കുറഞ്ഞപക്ഷം കുറവുചെയ്യണമെന്നാണു ഞാൻ അഭിപ്രായപ്പെടുന്നതു. സർ, ഇപ്പോൾ സാമ്പത്തികമായപ്രയാസം ഉള്ളകാലമാണു, പണത്തിനു ഇത്രമിടയുള്ള ഈ കാലത്തു പണംകിട്ടുന്നവർ അത്യാന്തമായി ജോലിചെയ്യണം. ഉദ്യോഗസ്ഥന്മാർ ഫോർവേഡ് അപേക്ഷ ചെയ്യുന്നതെന്തെന്നുവച്ചിട്ടാണു ജോലി ഉണ്ടായിരുന്നാൽതന്നെയും അവർ ഇപ്പോൾ കൂടുതൽജോലി ചെയ്യുന്നു സന്നദ്ധന്മാരായിരിക്കുന്നതാണു.

വുവന്നിട്ടുണ്ടെന്നു മാത്രമാണ്, ജോലിയില്ലാത്തവരെ വച്ചുകൊണ്ടിരിക്കയല്ല, അവരുടെ എണ്ണം ഒന്നു കുറയ്ക്കണം. ഈ അപേക്ഷയോടു സഭ അനുകൂലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഈ കുഴയ്ക്കുപയുടെ ഇനവിവരത്തെപ്പറ്റി വല്ല ഊഹവും രമണ്ടിനുണ്ടോ എന്നുചോദിയ്ക്കാം?

മി. എ. എസ്. ഓമോരേൻനായർ (മാവേലിക്കര-കുന്തിക്കപ്പുള്ളി): ചീഫ് എഞ്ചിനീയർ നു, ൦൦൦ രൂപ കുറവുവരുത്തുക്കവെണ്ണം ഉള്ള കൃതീകരണമുണ്ടാക്കണം, ൫൦൦ രൂപ ശമ്പളം വാങ്ങുന്നവർ, ൪൦ രൂപയിൽ ചിലർ, ഇങ്ങിനെ അദ്ദേഹത്തിന്റെ ആഫീസിലുള്ള ക്ലാർക്കന്മാരെക്കുറയ്ക്കാം.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): അപ്പോൾ ഇതു മെമ്പറിനു യാതൊരാശയവുമില്ലാത്ത ഒരു രമാന്തമാകയുടെ മാത്രിയാണ്.

മി. എ. എസ്. ഓമോരേൻനായർ (മാവേലിക്കര-കുന്തിക്കപ്പുള്ളി): ആ പോരായ്മയെത്തരംപറയാൻ മതിയായ ആളല്ല ചീഫ്എഞ്ചിനീയരാണ്. വ്യവസ്ഥിത രൂപീകൃതമായ ഒരു പ്രസ്താവനമല്ല ഞാൻ അഭിപ്രായപ്പെട്ടതായ്.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഇതു ഒരുമാതിരി അപേക്ഷയാണെന്നു ഞാൻ ഊഹിക്കുന്നു.

മി. എ. എസ്. ഓമോരേൻനായർ (മാവേലിക്കര-കുന്തിക്കപ്പുള്ളി): ഞാൻ അപേക്ഷിക്കുന്നതിനേക്കാൾ അതു രാജ്യത്തിനുവേണ്ടി ഞാൻ ചെയ്യേണ്ടിയിരിക്കുന്ന അല്ലെങ്കിൽ ഇതു വോട്ടിനിടണമെന്നു ഞാൻ നിർബന്ധിക്കും.

മി. ജെ. എസ്. വെസ്റ്റർഡേൽ (ചീഫ് എഞ്ചിനീയർ): സർ, മി. നായർ റോഡുകൾക്കുള്ള പി. ഡബ്ലിയു. ഡി. ധനാഭ്യർത്ഥനയിൽ കുറവുചെയ്യുന്നതിനു ശ്രമമയക്കുണ്ടിച്ചിരിക്കുന്നു, പി. ഡബ്ലിയു. ഡി. റോഡുകൾ പണികഴിപ്പിക്കുന്നതിൽ മാത്രമല്ല ഏർപ്പെട്ടിരിക്കുന്നതെന്നുള്ള വസ്തുത അവഗണിച്ചുകളഞ്ഞു. മെമ്പർ പ്രസ്താവിച്ചുപോലെ റോഡുകൾക്കുള്ള അനുവാദത്തിൽ കുറവുവരുത്തിയിട്ടുണ്ടെങ്കിലും, പി. ഡബ്ലിയു. ഡി. ക്കു മറ്റു വിഭാഗങ്ങളിലായി ഒട്ടധികം ജോലിയുണ്ട്.

മി. എ. എസ്. ഓമോരേൻനായർ (മാവേലിക്കര-കുന്തിക്കപ്പുള്ളി): റോഡുകൾ പണികഴിപ്പിക്കുന്നതിലും കൂടി ഡിപ്പാർട്ടുമെൻറ് ശ്രദ്ധിക്കുന്നുണ്ടോ?

മി. ജെ. എസ്. വെസ്റ്റർഡേൽ (ചീഫ് എഞ്ചിനീയർ): ചീഫ് എഞ്ചിനീയരുടെ ആഫീസിലെ പി. ഡബ്ലിയു. ഡി. എസ്റ്റാബ്ലിഷ്മെൻറ്, ഡിപ്പാർട്ടുമെൻറിലെ ക്ലറിക്കൽ വർക്കുകൾ കൂടി അടങ്ങിയ സകല സംരംഭങ്ങളെയും നിയന്ത്രിക്കുന്നതിലും നിർദ്ദേശിക്കുന്നതിലും ഏർപ്പെട്ടിരിക്കുന്നു. ക്ലറിക്കൽ വർക്കുകൾകൂടി ചെയ്തു ഈ കൊല്ലങ്ങളിൽ ഞങ്ങൾക്കു മൊത്തത്തിൽ ൫൫,൫൭,൯൨൦ രൂപയുടെ അനുവാദമുണ്ട്. ഇതു ൧൯൨൫, ൧൯൨൬, ൧൯൨൯ ഈ കൊല്ലങ്ങളിലെ ശരാശരിയിൽനിന്നും ൫൦ ശതമാനം കൂടുതലാണെന്ന വസ്തുത ഞാൻ ശ്രദ്ധയിൽ കൊണ്ടുവരുന്നതുകൊള്ളുന്നു, ഇതു പുഷ്ടിയേകാലത്തിനുള്ളിൽ ഇത്ര ചിലവിലെ ഒരു അത്ഭുതാവഹമായ ഒരു വർദ്ധനയാണ്,

മി. കെ. കുഞ്ഞുകൃഷ്ണപിള്ള (കൊല്ലം): റയിൽവെയിലും വാട്ടർവർക്സിലും ചീഫ്എഞ്ചിനീയർക്കു എന്തെങ്കിലും തിയന്ത്രണാധികാരമുണ്ടോ എന്നു പറഞ്ഞുതരാമോ?

മി. ജെ. എസ്. വെസ്റ്റർഡേൽ (ചീഫ് എഞ്ചിനീയർ): തിരുവനന്തപുരം വാട്ടർസപ്ലൈ വർക്കുകൾ ചീഫ് എഞ്ചിനീയർ നിയന്ത്രിക്കുന്നു.

മി. കെ. കുഞ്ഞുകൃഷ്ണപിള്ള (കൊല്ലം): റയിൽവെയുടെ കാര്യമോ?

മി. ജെ. എസ്. വെസ്റ്റർഡേൽ (ചീഫ് എഞ്ചിനീയർ): അതു എനിൻ തിയന്ത്രണത്തിന്നുമീതെയല്ല.

മി. എ. എസ്. ഓമോരേൻനായർ (മാവേലിക്കര-കുന്തിക്കപ്പുള്ളി). വാട്ടർവർക്സ് ഡിപ്പാർട്ടുമെൻറ് നടത്തിക്കൊണ്ടുപോകുന്നതിനു ഏതെങ്കിലും എസ്റ്റാബ്ലിഷ്മെൻറുണ്ടോ?

മി. ജെ. എസ്. വെസ്റ്റർഡേൽ (ചീഫ് എഞ്ചിനീയർ): അതു പൊതുവിലുള്ള എസ്റ്റാബ്ലിഷ്മെൻറിനകം കുട്ടത്തിൽ വരുന്നു.

മി. എ. എസ്. ഓമോരേൻനായർ (മാവേലിക്കര-കുന്തിക്കപ്പുള്ളി): വാട്ടർവർക്സ് വകുപ്പു നടത്തിക്കൊണ്ടുപോകുന്നതിനു വേറെ ഏതെങ്കിലും എസ്റ്റാബ്ലിഷ്മെൻറുണ്ടോ?

മി. ജെ. എസ്. വെസ്റ്റർഡേൽ (ചീഫ് എഞ്ചിനീയർ): എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ കീഴിൽ ഒരു എസ്റ്റാബ്ലിഷ്മെൻറുണ്ട്.

മി. എ. എസ്. ഓമോരേൻനായർ (മാവേലിക്കര-കുന്തിക്കപ്പുള്ളി): എത്ര ക്ലാർക്കന്മാരുണ്ട്?

മി. ജെ. എസ്. വെസ്റ്റർഡേൽ (ചീഫ് എഞ്ചിനീയർ): അതു എക്സിക്യൂട്ടീവിൽ ഉൾപ്പെട്ടതല്ല, നിയന്ത്രണത്തിലല്ല.

മി. എ. എസ്. ഓമോരേൻനായർ (മാവേലിക്കര-കുന്തിക്കപ്പുള്ളി): പൊതുമരാമത്തിൽ ൫൦ ശതമാനം വർദ്ധനവുണ്ടെന്നു അങ്ങേർ പറഞ്ഞു.—

മി. ജെ. എസ്. വെസ്റ്റർഡേൽ (ചീഫ് എഞ്ചിനീയർ), അതു ഞാൻ നിയന്ത്രിക്കേണ്ടതായ ചിലവാണ്

മി. എ. എസ്. ഓമോരേൻനായർ (മാവേലിക്കര-കുന്തിക്കപ്പുള്ളി), അതു ൫൦ ശതമാനം വർദ്ധനവു എട്ടുകൊല്ലത്തിലെ കണക്കാണെന്നു അറിയിക്കുമോ?

മി. ജെ. എസ്. വെസ്റ്റർഡേൽ (ചീഫ് എഞ്ചിനീയർ): ൧൯൨൫ മുതൽ ൧൯൨൯ വരെയുള്ള കൊല്ലങ്ങളിലെ ശരാശരിയാണ്. ൧൯൨൫ മുതൽ പി. ഡബ്ലിയു. അവയുടെ ജോലിയുടെ പരിധിയെ വിപുലമാക്കാൻതുടങ്ങി. പി. ഡബ്ലിയു. ആഫീസുകളിലും പ്രത്യേകിച്ചു ചീഫ് എഞ്ചിനീയരുടെ ആഫീസിലും എഴുത്തുകുത്തുകളിൽ ഉണ്ടായിട്ടുള്ള വർദ്ധനവിലേക്കു ഞാൻ സഭയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ൧൯൨൫-വർഷത്തിൽ എനിൻ ആഫീസിൽ ക്ലർക്കന്മാർ ൭൫ എഴുത്തുകുറി കിട്ടിയിട്ടുണ്ടു, ൧൯൩൫-ൽ ൬൩, ൧൯൩൬ ൭൪ എഴുത്തുകുറികളുണ്ടു.

ക ൻ ട-ിംയർഷണിൽ ക ര,ക ക ഏ ഴ്ത്തുകയും അയച്ചിട്ടണ്ട; ക ക ഉ-ംകൊല്ലത്തിൽ ഡ ര, ര ര ഏ ഴ്ത്തുകളാണ അയച്ചിട്ടള്ളത.

മി. എ. എസ്. മാമോദരൻനായർ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ കണക്കുകളിൽനിന്നും വേല യിൽ കുറവുവരുത്തിയതിനുശേഷം, ജോലിക്കുകുറവോ കൂടുതലോ ഉള്ളതെന്നു പറഞ്ഞുതരുമോ?

ഡപ്യൂട്ടിപ്രസിഡൻറ. അദ്ദേഹം ഇടയ്ക്കുതന്നതിനു മറുപടി പറയേണ്ടതാണ.

മി. ജെ. എസ്. കവസ്റ്റർഡേൽ (ചീഫ്എൻജിനീയർ,): ക ൻ ട-ൽ എഴുത്തുകുത്തുകൾ നിർവഹിക്കുന്നതിനു കഴിച്ചു മതിയാകുമെന്നുള്ള ഉദ്യോഗസ്ഥന്മാർ എഴുത്തുകുത്തുകൾ വളരെ അധികം വർദ്ധിച്ചിട്ടുള്ള പിന്നത്തെക്കാല്ലങ്ങളിലേക്കു കൂടുതലായിരിക്കുന്നു എന്നു പറയാൻ നിവർത്തിയില്ല, അതുകൊണ്ടു ഈ ഭാഗത്തിൽ കുറവുചെയ്യുന്നതു ഞാൻ മെമ്പറന്മാരോടു ആവശ്യപ്പെടുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ക ൻ ട-ലെ ഉദ്യോഗസ്ഥന്മാർ യഥാർത്ഥത്തിൽ ആവശ്യമുള്ളതിനേക്കാൾ കൂടുതലായ്തന്നു എന്നു ഇതുകൊണ്ടർത്ഥമാകയില്ലയോ?

ഡപ്യൂട്ടിപ്രസിഡൻറ. നിങ്ങളുടെ സ്വായത്തങ്ങളെ ഉടൻതന്നുകൊള്ളാം. ആസംഗതിക്കു നിങ്ങൾ മറുപടി പറയേണ്ടതില്ല.

മി. എ. എസ്. മാമോദരൻനായർ (മാവേലിക്കര-കാർത്തികപ്പള്ളി): ക ൻവു-ൽ സ്റ്റാഫിൽ കുറവുവരുത്തിയാ എന്ന മെമ്പറിൽനിന്നു അറിഞ്ഞാൽകൊള്ളാം.

മി. ജെ. എസ്. കവസ്റ്റർഡേൽ (ചീഫ്എഞ്ചിനീയർ): ഉവ്വ്.

ക ൻ ക ടാണേനുമുമ്പു ഇപ്പോഴുള്ളതിൽ കൂടുതൽസ്റ്റാഫ് ഉണ്ടായിരുന്നു. മുന്നു കടമ്പനറിച്ചാൽമാത്രമേ കൂടി ചീഫ്എഞ്ചിനീയരുടെ ആഫീസിൽ മുപ്പതു ക്ലർക്കന്മാരുണ്ടായിരുന്ന ആ കൊല്ലംമുതൽ ജോലിക്കു ക്രമേണീ തമായി വർദ്ധനവുണ്ടായതുനിമിത്തമുള്ള സ്റ്റാഫ് വർദ്ധിച്ചിട്ടില്ല. ഇന്നലത്തേയും അതിനുമുമ്പത്തേയും നിയമനങ്ങളിൽനിന്നു സപ്ലൈകട അനുസ്യൂതം പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലെ സ്ഥിരംജോലിയിലേക്കു വർദ്ധിപ്പിക്കുന്നതിനും പൊതുവേലകൾക്കു കൂടുതൽപണം അനുവദിക്കുന്നതിനും തുടങ്ങിയിരുന്നു. എങ്കിലും ആഫീസിൻറെ ശക്തിക്ക കേന്ദ്രത്തിൽ ഉറച്ചംവരുത്തിയാൽ അതിൻറെ വ്യാപ്യാനം ഡിപ്പാർട്ടുമെൻറിൻറെ മുഴുവൻ അവശതപ്പെടുത്തുന്നതുപോലെയാണെന്നു. അതുകൊണ്ടാണു എസ്റ്റിമേറുകളും താമസിപ്പിക്കുകയും കൺട്രാക്ടുകൾ തമസിപ്പിക്കുകയും പേമെൻറുകളുടെ പ്രവർത്തനത്തിനുള്ള പ്രാരംഭം താമസിപ്പിക്കുകയും ആണ.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): സർ, മി. മാമോദരൻനായർ ന, ൦ ൦ ൦ രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപം അവതരിപ്പിച്ചപ്പോൾ ആ ഉദ്ദേശ്യത്തിനുവേണ്ടി കുറയ്ക്കണമെന്നു വ്യക്തമാക്കപ്പെട്ടതായിട്ടില്ല. ഇന്നത്തെ ശമ്പളക്കാരുടെ എണ്ണം കുറച്ചുമാത്രമോ; അല്ലെങ്കിൽ അവരുടെ ശമ്പളത്തിൻറെ തോതുകുറച്ചുമാത്രമോ; എങ്ങിനെയെങ്കിലും ചീഫ്എഞ്ചിനീയരുടെ ഇപ്പോഴത്തെ ന, ൦ ൦ ൦ രൂപാ എസ്റ്റാബ്ലിഷ്മെൻറിനത്തിൽനിന്നും കുറയ്ക്കണമെന്നാണോ പറഞ്ഞതു.

മി. എ. എസ്. മാമോദരൻനായർ (മാവേലിക്കര-കാർത്തികപ്പള്ളി): അങ്ങിനെഞാൻ പറഞ്ഞില്ല.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ചീഫ്എഞ്ചിനീയരുടെ ഫിതരപോലെ കുറയ്ക്കുന്നതിനു വിട്ടുകൊടുത്തിരിക്കയാണു, ഞാൻപറഞ്ഞ രണ്ടുപ്രകാരത്തിലും കുറവുവരുത്തുന്നതിനുള്ള സ്വാതന്ത്ര്യം ചീഫ്എഞ്ചിനീയർക്കുണ്ടു.

ചീഫ്എഞ്ചിനീയരുടെ ആഫീസ എസ്റ്റാബ്ലിഷ്മെൻറിൽ ക ൦ ൦ രൂപാക്കു മുകളിൽ ശമ്പളമുള്ള ആളുകൾതന്നെ രണ്ടോ മൂന്നോ പേരുമെയുള്ളു,

മി. എ. എസ്. മാമോദരൻനായർ (മാവേലിക്കര-കാർത്തികപ്പള്ളി): ഗവർണ്മെൻറു അനുവദിച്ചുള്ളതാതെ ശമ്പളത്തിൽ ഭേദഗതിചെയ്യാൻ പാടില്ലെന്നു അറിയാമോ?

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഭേദഗതിചെയ്യാൻ പാടില്ല എന്നറിയാം,

മി. കെ. കുഞ്ഞുകൃഷ്ണപിള്ള (കൊല്ലം): ക്ലാർക്കന്മാരുടെഎണ്ണം കുറച്ചാൽ ന, ൦ ൦ രൂപാ മാത്രം മതി കയിലല്ലോ?

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അങ്ങിനെ എണ്ണം കുറയ്ക്കുന്നപക്ഷം ന, ൦ ൦ ൦ അല്ല അതിൽകൂടുതലും മാർഗവരും. ആളുകളുടെഎണ്ണം കുറയ്ക്കുന്നതിനെസംബന്ധിച്ചു മി. ആശാൻ ഇവിടെ ഞങ്ങളെ ബോദ്ധ്യപ്പെടുത്തിയിട്ടില്ല. ഇന്നു ഇവിടെ ആവശ്യത്തിൽകൂടുതലായ ആളുകളുണ്ടെന്നു മി: ആശാൻ ഞങ്ങളെ ബോദ്ധ്യപ്പെടുത്തുകയാണെങ്കിൽ ഞങ്ങൾ ആലോചിക്കുകയുണ്ടായിരുന്നു:

മി. കെ. കുഞ്ഞുകൃഷ്ണപിള്ള (കൊല്ലം): മെമ്പർ ഞങ്ങൾ എന്നപറയുന്നതു ആരെയെല്ലാം ഉദ്ദേശിച്ചാണു

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഞാൻ ഇപ്പോൾ 'ഞങ്ങൾ' എന്നപദത്തിൽ ഉൾപ്പെട്ടത്തിയിരിക്കുന്നതു ഈ കൗൺസിലിലുള്ള അംഗങ്ങളെ എല്ലാപേരെയും ചേർത്താണ. മറ്റുവിധം ബുദ്ധിപൂർവമായി പ്രവർത്തിക്കുന്ന എല്ലാവരേയും എൻറെ അഭിപ്രായത്തോടു യോജിക്കുമെന്നാണു എൻറെ വിശ്വാസം.

മി. എ. എസ. മാമോദരൻനായർ (മാവേലിക്കര-കാർത്തികപ്പള്ളി): മറ്റുവിധമല്ലാതെ നല്ലവണ്ണം ബുദ്ധിപൂർവമായിരിക്കുന്നവരോ?

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ബുദ്ധി നല്ലവണ്ണം ഉപയോഗിച്ചുമുകളിലുള്ളവർ; അവരവരുടെ ബുദ്ധി അനുസരിച്ചു പ്രവർത്തിച്ചുകൊള്ളണം. ഞാൻ എൻറെ ബുദ്ധിഅനുസരിച്ചു പ്രവർത്തിക്കുന്നു.

ഡപ്യൂട്ടിപ്രസിഡൻറ: മി. പി. എസ്. മഹമ്മദ്, നിങ്ങളുടെ സഹപ്രവർത്തകരുടെ സദ്ഭാവശുദ്ധിയിലോ സത്യസന്ധതയിലോ സംശയിക്കാൻ നിങ്ങൾക്കവകാശമില്ല. നിങ്ങൾക്കു മിന്നാമിന്നിപ്രായത്തിനു പൂർണ്ണസ്വാതന്ത്ര്യമുണ്ടു; നിങ്ങൾ മിന്നാമിന്നിപ്രായത്തിനു വശംവദനാകയുംവേണം.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഈ പറയുന്ന ആളുകളുടെ എണ്ണം കുറയ്ക്കണമെന്നവരുകിൽ, അവിടെ ആവശ്യത്തിലധികം ആളുകളുണ്ടെന്നു കാണിക്കേണ്ടതുമുണ്ടെ മി. ആശാനുണ്ടു. അദ്ദേഹം അതു ചെയ്തിട്ടില്ല. പിന്നീടു ഇന്നത്തെ കാലസ്ഥിതിതന്നെയാണെങ്കിൽ എത്രയെത്തോളം ചിലവുകുറച്ചാലും അതെത്തോളം കുറയ്ക്കണമെന്ന ആഗ്രഹമുള്ള ഒരു ലാട്ടമാണു. എന്നാൽ ചെറിയശമ്പളക്കാരുടെ ശമ്പളം കുറയ്ക്കാൻ

ആയതന്നെ ആഗ്രഹിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. പി. ഡബ്ലിയു. ഡി. ജോലികൾ ഇക്കാലത്തു ധാരാളമുണ്ടായിരിക്കണമെന്നും അതു തള്ളിവയ്ക്കുന്നതു പ്രവർത്തിക്കണമെന്നും ഇവിടെയുള്ള എല്ലാമെമ്പറന്മാരും പറഞ്ഞിട്ടുള്ളതായി ഇന്നലെവരെ നടന്ന ബഡ്ജറ്റു ചർച്ചയുടെ വിവരണം നോക്കിയാൽ അറിയാം. ആസ്ഥിതിക്കു ജോലി വേഗവിധത്തിൽ പ്രയോഗിക്കുന്നതിനുവേണ്ടിയാണു എസ്റ്റാബ്ലിഷ്മെന്റിലുള്ള അളവു കുറയ്ക്കണമെന്നു മി. ആശാൻ പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനാൽ ഞാൻ മി. ആശാന്റെ ഉപക്ഷേപത്തെ എതിർത്തുകൊള്ളുന്നു.

മി. കെ. കെ. കൊച്ചിപ്പൻമാപ്പിള (നിയമിതമെമ്പർ): സർ, പൊതുമരാമത്തുവകുപ്പിനു കൂടുതൽ ചെലവു ചെയ്യണമെന്നു ഉല്ലാവധം പറഞ്ഞുകഴിഞ്ഞു. എന്നാൽ ഇങ്ങിനെ അനവധികാര്യങ്ങൾ ചെയ്യണമെന്നു പറയുമ്പോൾ തൽക്കാലസ്ഥിതിയിലുള്ള കെട്ടിടങ്ങൾ പണികഴിയുന്നതിനുവേണ്ടി വേണ്ടുവോളം തുക വിനിയോഗിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

മി. ആർ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): പണിക്കുടിശ്ശികയുള്ളതു കൊടുത്തുതീർക്കുന്നതിനുവേണ്ടിയാണോ പുതിയ പണികൾ തുടങ്ങുന്നതിനുവേണ്ടിയാണോ പറയുന്നതു?

മി. കെ. കെ. കൊച്ചിപ്പൻമാപ്പിള (നിയമിതമെമ്പർ): പൊതുജനങ്ങൾക്കു അത്യാവശ്യപ്പെട്ടതുള്ള പണികൾ ചെയ്യണമെന്നാണു എന്റെ അഭിപ്രായം:

ഡപ്യൂട്ടിപ്രസിഡന്റ്: ചീഫ് എഞ്ചിനീയരുടെ ആഫീസിലുള്ള എസ്റ്റാബ്ലിഷ്മെന്റിൽ നു, ൦ ൦ ൦ രൂപാ കുറയ്ക്കണമെന്നാണു ഇവിടത്തെ വിഷയം. ഈ ഉപക്ഷേപത്തിൽ ഡിപ്പാർട്ടുമെന്റിന്റെ നയത്തെപ്പറ്റി പ്രതിപാദിക്കാൻ പാടില്ലെന്നു ഞാൻ ആദ്യമേ പറഞ്ഞുകഴിഞ്ഞു. ഉപക്ഷേപം വരുമ്പോൾ അതിൽ നിങ്ങൾക്കു പറയുവാനുള്ളതെല്ലാം പറയാം.

മി. കെ. കെ. കൊച്ചിപ്പൻമാപ്പിള (നിയമിതമെമ്പർ): തുടർന്നു കുറേ പറയാനുണ്ടു. മി. കെ. കുഞ്ഞുകുഞ്ഞുപിള്ള ഓർഡർ, ഓർഡർ)

ഡിപ്പ്യൂട്ടിപ്രസിഡന്റ്: ഈ ഉപക്ഷേപത്തെ അനുകൂലിക്കയോ പ്രതികൂലിക്കയോ വേണമെങ്കിൽ ചെയ്യാമെന്നല്ലാതെ ഡിപ്പാർട്ടുമെന്റിന്റെനയം ഇവിടെ നിരൂപണംചെയ്യാൻ പാടില്ല.

മി. കെ. കെ. കൊച്ചിപ്പൻമാപ്പിള (നിയമിതമെമ്പർ): ഞാൻ അതിന്റെ മുഖവുരയായിട്ടു പറഞ്ഞു എന്നേയുള്ളൂ.

ഡപ്യൂട്ടിപ്രസിഡന്റ്: എന്നാൽ പറഞ്ഞുകൊള്ളുക.

മി. കെ. കെ. കൊച്ചിപ്പൻമാപ്പിള (നിയമിതമെമ്പർ). എന്റെ സ്വാതന്ത്ര്യം ഉപയോഗിച്ചു പറയുന്നതിനുള്ള അവസരംപക്ഷേ നിങ്ങൾ പറഞ്ഞുകൊള്ളുവോ.

ഡപ്യൂട്ടിപ്രസിഡന്റ്: നിങ്ങൾക്കു ഈ ഉപക്ഷേപത്തെ അനുസരിച്ചു ഈശ്വരകുറയ്ക്കുമോ പാടില്ലയോ എന്നു ഇവിടെപറയാം. ആ സ്വാതന്ത്ര്യത്തെ ഞാൻ തടയുന്നില്ല.

മി. രാമവെൻകിടരാജാ (ഇടവകമെമ്പർ): സർ, മി. ആശാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാനും പിൻതാങ്ങിക്കൊള്ളുന്നു. ചീഫ് എഞ്ചിനീയറാഫീസിലുള്ള ക്ലാർക്കന്മാരുടെവകയ്ക്കു ചെലവിട്ടിട്ടുള്ളതുകയിൽ നു, ൦ ൦ ൦ രൂപാ കുറയ്ക്കണമെന്നാണു ഉപക്ഷേപം. ചീഫ് എഞ്ചിനീയർ ഇവിടെ പറഞ്ഞിരിക്കുന്നതനേകത്തിൽനിന്നും ഒരോ ആണ്ടിലും എഴുന്നൂറുരൂപകളുടെ സംഖ്യ കുടിക്കുടി വരുന്നുണ്ടെന്നു എനിക്കുമനസ്സിലായി. ക്ലാർക്കന്മാരെ കൂടുതലുണ്ടാക്കിയതുകൊണ്ടല്ലെ ഈ എഴുന്നൂറുരൂപ വർദ്ധിച്ചുവരുന്നതെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ക്ലാർക്കന്മാരെ കൂടുതലുണ്ടാക്കുന്നതിനും പുറമെ മസ്റ്റർഷനറി ഡിപ്പാർട്ടുമെന്റിലുള്ള ചിലവും വളരെകൂടുതലാണു. ഒരു ഡിവിഷനിൽ കൂടുതൽ ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നാൽ അവരെ എണ്ണപ്പിച്ചു ശമ്പളം കൊടുക്കുന്നതിനുള്ള ചിലവു വളരെയധികമാണു. ഒരു ഡിവിഷനിൽ കൂടുതൽ ക്ലാർക്കന്മാരെ വയ്ക്കുന്നതുതന്നെ നല്ലതല്ല. കഴിയുന്നിടത്തോളം എഴുത്തുകുത്തു കുറച്ചിട്ടുവേണം ഈ ആളുകളെ കുറയ്ക്കുവാൻ എന്നാണ് എന്റെ അഭിപ്രായം. ഇങ്ങനെ ചീഫ് എഞ്ചിനീയർമാരോടു പറഞ്ഞു ഈ ചിലവു കുറയ്ക്കുന്നതാണെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ മി. ആശാന്റെ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. എ. എസ്. മാമോദരനാശാൻ (മാവേലിക്കര-ചെത്തികുളങ്ങര): സർ, ശമ്പളക്കാര്യത്തെപ്പറ്റിയുള്ള പ്രത്യേകതരത്തിലുള്ള സംശയനിവൃത്തിക്കുവേണ്ടിയാണു ഞാൻ അഭിപ്രായപ്പെടാത്തതുകൊണ്ടു എന്റെ മിത്രമായ മി. മഹമ്മദു വിചാരിക്കുന്നതു എനിക്കു അഭിപ്രായമില്ലെന്നായിരിക്കുമെന്നു തോന്നിയതുകൊണ്ടാണ്. സർ, ചീഫ് എഞ്ചിനീയർക്കുമാത്രമേ അഭിപ്രായമുള്ളൂ എന്റെ ആഫീസിലെ പല ക്ലാർക്കന്മാരുടെയും എണ്ണം കുറച്ചിട്ടുവേണം ജോലി ക്രമമായി നിർവ്വഹിക്കേണ്ടതെന്നു അഭിപ്രായമുള്ളതു. ഈവണ്ണം ക്ലാർക്കന്മാരെ കുറച്ചുചെയ്യണമെന്നു ഞാൻ പറയുന്നില്ല. അതിനുപറയുവാനും അഭിപ്രായമൊന്നുമില്ല. ചിലവു കുറച്ചിട്ടുള്ളതുകൊണ്ടു ശമ്പളം കുറയ്ക്കുന്നതിനും കുറവുചെയ്യണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ബഡ്ജറ്റിനെപ്പറ്റിയുള്ള പൊതുനിരൂപണസമയത്തിൽ പൊതുമരാമത്തിനു കൂടുതൽപണം നിശ്ചയിക്കേണമെന്നാണു ഞങ്ങൾപറഞ്ഞതു. അതു ക്ലാർക്കന്മാരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനോ ജോലിയില്ലാത്തവരെ വർദ്ധിപ്പിക്കുന്നതിനോ ഉദ്ദേശിക്കപ്പെട്ടിട്ടില്ല. നാം അങ്ങിനെ അർത്ഥമാക്കിയില്ലെന്നു അനുസ്മരിക്കുന്നതിനു ഞാൻ ബന്ധാനന്മാരോടു അപേക്ഷിക്കുന്നു. ഗതാഗതത്തിനുള്ള ചിലവു വർദ്ധിപ്പിക്കുന്നതിനുംവേണ്ടിമാത്രം രാജ്യത്തിനു അഭിവൃദ്ധിയുണ്ടാകയും ഗതാഗതമാർഗ്ഗങ്ങൾ കൂട്ടുകയും ചെയ്യുന്നതിനാണ് ഞങ്ങൾ ആവശ്യപ്പെട്ടതു. ഉദ്ദ്യോഗസ്ഥന്മാരുടെയെല്ലാം ശമ്പളത്തിൽനിന്നും തോതു കുറവുചെയ്യണമെന്നു ഞാൻ ആവശ്യപ്പെട്ടതുഎന്നാണ് എന്റെ സ്നേഹിതൻ വിചാരിക്കുന്നതു. കൊച്ചിനാഗരസഭ കമ്മിറ്റിയിലും ഈ കൌൺസിലിലും ഇതുകാലം ഒരു മെമ്പറായിരുന്നിട്ടുള്ള അദ്ദേഹത്തിനു ശമ്പളക്കാരുടെ ശമ്പളത്തിൽനിന്നും തോതു കുറവുചെയ്യുന്നതിനു ചീഫ് എഞ്ചിനീയർക്കു ശേഷിയില്ലാഎന്നു അറിയാം. അതു നിയമത്തിന്റെ അനുവദിക്കണം. ചിലവു കുടിയിരുത്തുന്നതിനു ഞങ്ങൾ ഉദ്ദേശിച്ചതു കുടുതൽ ശമ്പളക്കാരുണ്ടായിരിക്കണമെന്നാണെന്നു ചീഫ് എഞ്ചിനീയർ പറഞ്ഞതു. ആ വിഷയത്തിനെപ്പറ്റി ചീഫ്എഞ്ചിനീയർക്കു ഒന്നിനു എന്റെ സ്നേഹിതൻ മി. രാമവർമ്മരാജ മറുപടിപറഞ്ഞിട്ടുണ്ടു. ഇതു സംബന്ധിച്ചുള്ള പ്രതിപാദനത്തിനിടയ്ക്കു ഈ വിഷയം ഞാൻ ചീഫ്എഞ്ചിനീയർക്കു പ്രത്യുത്തരമായിക്കാം. ഫ ഫ ൦ ൦ ൦ ന്റെ മരാമത്തുവേലകൾക്കും പ്രധാനപ്പെണികൾക്കുള്ളതിനു സാധാരണചിലവു ൩൫ ലക്ഷവും ഫ ഫ ൦ ൦ ൦ ൽ ൪൫ ലക്ഷവും ആയിരുന്നു.

ണ്ടുമുകളിൽതന്നെ വേ ലക്ഷത്തിൻറെ കുറവുണ്ട്. വേ ലക്ഷത്തിൻറെ ഒരു കുറവുള്ളസ്ഥിതിക്ക് അദ്ദേഹത്തിൻറെ എസ്റ്റാബ്ലിഷ്മെൻറിൽ പത്തുശതമാനമെങ്കിലും കുറവുചെയ്യുവാൻ കഴിയുമെന്നു ചീഫ് എഞ്ചിനീയർ സമ്മതിക്കായിരിക്കുമോ?

മി. കെ. ജോർജ്ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): കേ പി-ൽ അടങ്കൽകണക്കായ ഇകുറവാണ് അതു്, എന്നാൽ ചിലവു് എന്തായിത്തീരും?

മി. എം. എസ്. മോഹനചന്ദ്രൻ (മാവേലിക്കര-കാർത്തികപ്പള്ളി): അതു കുറവായിരിക്കാം.

മി. കെ. ജോർജ്ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): അതു കുറവാണെന്നു നമുക്കു കാണാൻകഴിയും.

മി. എം. എസ്. മുഹമ്മദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): നമുക്കു ഹാനികരമായേക്കുന്നതാണെന്നു അഭിപ്രായമുണ്ടു. കേ പി-ൽ ഈ സഭയിൽ കേ പി ഇ-യെ ബഡ്ജറ്റു് അവതരിപ്പിച്ചപ്പോൾ അതിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള സകല പണികളും പ്രായോഗികമാക്കിത്തീർക്കുന്നതിനു താൻ നിർബന്ധിതനാണെന്നു നല്ല പൂർണ്ണബോദ്ധ്യമുള്ളതുകൊണ്ടു ചീഫ് എഞ്ചിനീയർ ഈ അഭിപ്രായക്കാരനാണെന്നു തുറന്നുപ്രസ്താവിച്ചു. അതിൽ ഉൾപ്പെട്ടിട്ടുള്ള പണികൾ ചീഫ് എഞ്ചിനീയർ തുടങ്ങിയിട്ടുണ്ടോ എന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ.

മി. ജെ. എസ്. വെസ്റ്റർഡേൽ (ചീഫ് എഞ്ചിനീയർ): ചീഫ് എഞ്ചിനീയർ തുടങ്ങിയിട്ടില്ലെന്നില്ല. അഭിപ്രായക്കാർ മനസ്സിലാക്കുകയില്ലെന്നു അദ്ദേഹം പരിഗണിച്ചു.

മി. എം. എസ്. മുഹമ്മദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): കേ പി ഇ-യുടെ ഈ ബഡ്ജറ്റു് അവതരിപ്പിച്ചപ്പോൾ ചീഫ് എഞ്ചിനീയർക്കുടെ ആഫീസിന്ന് വല്ല കുറവും ചെയ്തിട്ടുണ്ടോ? ഞാനങ്ങിനെ ചെയ്തിട്ടുണ്ടെന്നു ഞാൻ ഓർമ്മിക്കുന്നില്ല. പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിനു ലക്ഷക്കണക്കിനു അടങ്കൽ അനുവദിച്ചപ്പോൾ ആ ഡിപ്പാർട്ടുമെൻറിനു ആളുകുറച്ചു ചിലവുചെയ്യുന്നതിനു നിർബന്ധിതമായ ഒന്നാണെന്നും രാജ്യത്തിനു നന്മചെയ്യേണ്ടതാണെന്നും അറിഞ്ഞു അവർ ഈ അഭിപ്രായക്കാരെക്കൊണ്ടു തുറന്നുപറയിക്കുന്നു.

ഡപ്യൂട്ടിപ്രസിഡൻറ്: ചില മൃതശരീരം ഭാരമായിപ്പോയിരിക്കുമെന്നു ഞാൻ കരുതുന്നു.

മി. എം. എസ്. മുഹമ്മദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): മുൻകൈയ്യെടുക്കുന്നതിലും അങ്ങിനെ ഭാരമായിട്ടുണ്ടു. ഇനിമേൽ ഏതൊരു ലക്ഷ്യത്തിലേക്കുള്ള പരിപാടിയെപ്പറ്റി ഞാൻ സംസാരിക്കുമ്പോൾ ഈ വിഷയത്തെപ്പറ്റി പരാമർശിക്കുന്നതാണു്. കേ പി ഇ-യിലേക്കുള്ള ബഡ്ജറ്റു് അവതരിപ്പിക്കുന്നതിൽ കുറഞ്ഞപക്ഷം പത്തു ശതമാനമെങ്കിലും കുറയ്ക്കുന്നതിനു ഞാൻ ചീഫ് എഞ്ചിനീയരോടു അഭ്യർത്ഥിക്കുന്നു.

മി. കെ. എസ്. വെസ്റ്റർഡേൽ (ചീഫ് എഞ്ചിനീയർ): സർ, ക്ലാർക്കുമാരുടെയെണ്ണം കുറയ്ക്കുമ്പോൾ എഴുത്തുകുത്തുകളുടെസംഖ്യയും വർദ്ധിപ്പിക്കുന്നുവെന്നു മി. രാമവർമ്മരാജാ സൂചിപ്പിച്ചു. ഒരു ആഫീസിൻറെ ചാർജ്ജുള്ള ഓരോആഫീസറും ഒരു എഴുത്തിനോടോർപ്പെടേണ്ട എഴുപ്രവൃത്തികളെന്നു എഴുതുകയാണെന്നു അറിയുന്നുണ്ടു. ഇതു ആഫീസിലെ മേലാവുടയതന്നെ ഒരു ദോഷമാണ്. ഇക്കാര്യസംബന്ധിച്ചു ചീഫ് എഞ്ചിനീയരുടെ ആ ആഫീസിലെ ഒരണ്ണം പിന്നിലാണെന്നു സൂചിപ്പിക്കുന്നതിനായിട്ടാതന്നെ കാരണവുമുണ്ടെന്നു ഞാൻവിചാരിക്കുന്നില്ലാ.

മി. രാമവർമ്മരാജ (ഏടവകുടമ്പർ): എനിക്കു ഒന്നും കേൾക്കാൻപാടില്ല. അതുകൊണ്ടു എനിക്കു അദ്ദേഹത്തോടു ഉത്തരം പറയുവാൻ സാധിക്കയില്ല.

ഡപ്യൂട്ടിപ്രസിഡൻറ്: അതിനു നിവർത്തിയുണ്ടെന്നില്ല. കേൾവിക്കു യിക്കുമതകരം ഉണ്ടാവാത്തതായ ഒരു സമാജഹാളിനുവേണ്ടി നമുക്കു ഗവൺമെൻറിനോടു അഭ്യർത്ഥിക്കാം.

മി. എം. എസ്. മുഹമ്മദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): മെമ്പറിനു അല്പംകൂടി മുമ്പോട്ടു വരാമെന്നുപറയാം.

മി. ജെ. എസ്. വെസ്റ്റർഡേൽ (ചീഫ് എഞ്ചിനീയർ): മി. ആശാൻറെ ഉപന്യാസത്തെ റിമാർക്കുകളെ സംബന്ധിച്ചു കേ പി ഇ വരെ ചിലവിൻറെ വർദ്ധനവിനു അനുസരണമായി ശമ്പളക്കാരെ വർദ്ധിപ്പിച്ചിട്ടില്ലെന്നു എന്നിക്കു ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ആ കാരണത്താൽമാത്രം എസ്റ്റാബ്ലിഷ്മെൻറിൽ സാധിതമായ ഒരു കുറവു കേ പി ഇ-യുടെ വരുമെന്നുദ്ദേശിച്ചിരിക്കുന്ന ചിലവിൻറെ കുറവുകൊണ്ടു വന്നുകൂടുന്നില്ല. അതിനും പുറമെ താല്ക്കാലമായ സമയമാവശ്യമുള്ള സ്റ്റീംപരിശോധനയും എസ്റ്റിമേറ്റുതയാറാക്കലും ഇടയ്ക്കു നടന്നുകൊണ്ടേയിരിക്കേണ്ടതുകൊണ്ടു ചിലവിനെ അനുസരണമായി എസ്റ്റാബ്ലിഷ്മെൻറിനെക്കുറിച്ചു വ്യത്യാസപ്പെടുത്തി നിയമിക്കുവാൻ സാധിക്കയില്ല.

മി. മുഹമ്മദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ആരംഭിക്കാത്ത ഏതുപദ്ധതി പണിയുടെ എസ്റ്റിമേറ്റും തീരുമാനിക്കുകയും ആഫീസിൽ കിടപ്പുണ്ടു.

മി. വെസ്റ്റർഡേൽ (ചീഫ് എഞ്ചിനീയർ): വിവിധനിലയിൽ പല എസ്റ്റിമേറ്റുകളുമുണ്ടു.

മി. എം. എസ്. മുഹമ്മദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): പരിപൂർണ്ണമായ ഏതു എസ്റ്റിമേറ്റുകളും ഉണ്ടു.

മി. ജെ. എസ്. വെസ്റ്റർഡേൽ (ചീഫ് എഞ്ചിനീയർ): അതിനർത്ഥവിവരം എൻറെ കൈവശമില്ല. സ്റ്റീമിൻറെയും എസ്റ്റിമേറ്റിൻറേയും പരിശോധന, തയാറാക്കൽ, ഈ ജോലികളും വർഷത്തിൻറെ അല്പഭാഗം നടന്നുകൊണ്ടേയിരിക്കുന്നു. പൂർണ്ണമായും ഒരുകാലത്തിലും നിശ്ചിതസംഖ്യ കുറയുന്നതുകൊണ്ടു, ശമ്പളക്കാരെ കുറയ്ക്കുന്നതിനു ഞങ്ങൾക്കു നിവൃത്തിയില്ല. കൂടാതെ സാമ്പത്തികാവശ്യകതയുള്ള ഇതുക്കാലത്തുതന്നെയാണ് ശമ്പളക്കാരെ കുറയ്ക്കുവാൻ കഴിയുമെന്നു മി. ആശാനു അഭിപ്രായപ്പെടുന്നതു്. ഇക്കാലത്തു പലരേയും കുറച്ചുചെയ്യുന്നതിനു അദ്ദേഹം ആഗ്രഹിക്കുന്നുവെങ്കിൽ അതു തൊഴിലില്ലായ്മയുടെ നിലയെ വർദ്ധമാനമാക്കും. കൂടുതൽ തൊഴിലില്ലാത്തവർ വിപ്ലവത്തിനു പുറപ്പെടുകയും, എൻറെ ശമ്പളക്കാർ, ഞങ്ങൾക്കു ചെയ്യുവാനുള്ള ജോലിക്കു ഒട്ടും കൂടുതലല്ലെന്നതുമാത്രമേ ഞാൻ പറയുന്നുള്ളൂ. ഇപ്പോഴുള്ള ജോലിക്കുതന്നെ ഇരുപതു ശമ്പളക്കാർ ഞങ്ങൾക്കധികമാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുങ്ങോടു): അദ്ദേഹത്തിൻറെ ആഫീസിൽ അഴുക്കിഴുക്കാർഉണ്ടോ?

മി. ജെ. എസ്. വെസ്റ്റർഡേൽ (ചീഫ് എഞ്ചിനീയർ): ചില ആളുകൾ ഉണ്ടാകാം.

മീ. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ക്ലാക്കന്മാരെ പിരിച്ചുവിട്ടാൽ അവർക്ക് ജോലിയില്ലാതിരിക്കുമെന്നു ചീഫ് എഞ്ചിനീയർ പറഞ്ഞു. ആഫീസിലേക്കു നിശ്ചയിച്ചിട്ടുള്ള തുകയിൽ ഈ ൩,൦൦൦ രൂപ ഉപേക്ഷിച്ചിട്ടു പണികഴിക്കുള്ള തുകയിൽചേർത്താൽ പിരിച്ചുവിടുന്ന ആറാളുകൾക്കുകൂടെ അവരുള്ളേടത്തുകൊണ്ടുപോയി ജോലിയുണ്ടാക്കുമെന്നു അദ്ദേഹം അറിയുന്നുണ്ടോ?

ഡപ്യൂട്ടിപ്രസിഡണ്ടു: നിങ്ങൾ ഈ ഉപക്ഷേപത്തെ നിർബന്ധിക്കുന്നുവോ?

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഉവ്വു. ഉപക്ഷേപം വോട്ടിനിടുകയും തള്ളപ്പെട്ടുകയുംചെയ്തു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): പേരുവിളിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

പേരു വിളിച്ചതിൽ താഴെ പറയുന്നപ്രകാരം സഭാംഗങ്ങൾ പിന്നിട്ടു.

അനുകൂലിച്ചുവർ ൪൫.

൧	മി.	കെ. സി. ചാണ്ടി	൨൦	മി.	തണ്ടുമുഖത്തിൽതെക്കതിൽ
൨	,,	എ. എസ്. ദാമോദരനാശാൻ	൨൧	,,	കെ. കുഞ്ഞുകൃഷ്ണപിള്ള
൩	,,	കെ. ഗോപാലകൃഷ്ണപിള്ള	൨൨	,,	കെ. പി. മാധവൻപിള്ള (ചിറയിൻകീഴു)
൪	,,	ജോസഫ് കുഞ്ഞു	൨൩	,,	കെ. പി. മാധവൻപിള്ള (ചേർത്തല)
൫	,,	കെ. പി. കൊച്ചുകോരത്തരകൻ	൨൪	,,	എ. പി മാധവൻപിള്ള
൬	,,	കെ. കൃഷ്ണൻനായർ	൨൫	,,	കെ. നാരായണപ്രഭുമാപ്പിനാടാർ
൭	,,	ഇ. വി. കൃഷ്ണപിള്ള	൨൬	,,	താഴവഴ്മാഞ്ഞാ
൮	,,	എൻ. കെ. കൃഷ്ണപിള്ള	൨൭	,,	എ. താണുപിള്ള
൯	,,	എസ്. കൃഷ്ണപിള്ള	൨൮	,,	സി. എൻ. ഇപ്പൻനംപൂതിരിപ്പാട

പ്രതികൂലിച്ചുവർ ൨൪.

൧	മി.	എം. ഗോവിന്ദൻ	൧൩	മി.	കെ. ജോർജ്
൨	,,	എൻ. ജോൺജോസഫ്	൧൪	,,	പി. തോമതിമായകംപിള്ള
൩	,,	കെ. മാധവൻപിള്ള	൧൫	,,	പി. എൻ. കൃഷ്ണപിള്ള
൪	,,	എം. മഹമ്മദുസ്സാഹാ	൧൬	,,	ആർ. കൃഷ്ണപിള്ള
൫	,,	പി. എസ്. മഹമ്മദു	൧൭	,,	റാവുസാഹിബ്ബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള
൬	,,	എൽ. ജെ. ററി. പെരേഗ്രീൻ	൧൮	,,	ഇ. ജി. മാക്കിഞ്ചിൻ
൭	,,	ആർ. എസ്. സുബ്രഹ്മണ്യപിള്ള	൧൯	,,	സി. ഒ. മാധവൻ
൮	,,	എൽ. എ. സുന്ദരംപിള്ള	൨൦	,,	ആർ. നീലകണ്ഠപ്പിള്ള
൯	,,	ഒ. എം. തോമസ്	൨൧	,,	കയ്യാലം പരമേശ്വരൻപിള്ള
൧൦	,,	എൽ. എ. ബിഷപ്പ്	൨൨	,,	ഡാക്ടർ കെ. രാമൻതമ്പി
൧൧	,,	മെ. സി. ചാക്കൊ	൨൩	,,	ആർ. വൈദ്യലിംഗംപിള്ള
൧൨	,,	ആർ. ധനക്കോടിപിള്ള	൨൪	,,	ജെ. എസ്. വെസ്റ്റർഡേൽ

നിഷ്പക്ഷതനില കൈക്കൊണ്ടവർ ൫.

൧	മി.	കെ. പി. അബ്രാഹം	൪	മി.	കെ. ഐ. കൊച്ചീപ്പൻതരകൻ
൨	,,	എസ്. ചട്ടനാഥ്രകുറുപ്പ്	൫	,,	എ. നാരായണപിള്ള
൩	,,	കെ. സി. കരുണാകരൻ			

പതിനെട്ടുപേർ ഉപക്ഷേപത്തെ അനുകൂലിച്ചും ഇരുപത്തിനാലുപേർ പ്രതികൂലിച്ചും വോട്ടുചെയ്തതിനാലും അഞ്ചുപേർ നിഷ്പക്ഷനിലയെ കൈക്കൊള്ളുകയാലും ഉപക്ഷേപം തള്ളപ്പെട്ടതായി പ്രസ്താവിക്കപ്പെട്ടു.

താഴപ്പറയുന്ന പ്രമേയങ്ങൾ അവതരിപ്പിച്ചില്ല.

൨. മി. എൻ. കെ. കൃഷ്ണപിള്ള: ക്ലാക്കന്മാർക്കും മറ്റുശമ്പളക്കാർക്കുംവേണ്ടി നിശ്ചയിച്ചിട്ടുള്ള ൩ ക, ൪ ഉ വു രൂപയിൽ തെരുപ്പ കയ്യുണം.

൩. മി. കെ. സി. ചാണ്ടി: ക്ലാക്കന്മാർക്കും മറ്റുശമ്പളക്കാർക്കുംവേണ്ടി നിശ്ചയിച്ചിട്ടുള്ള ൩ ക, ൪ ഉ വു രൂപയിൽ ൪ രൂപ കയ്യുണം.

ഉപക്ഷേപം ൪.

മി. എ. താണുപിള്ള (തിരുനനന്തപുരം):

ഞാൻ താഴപ്പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

സഞ്ചാരപ്പടിക്കായി നിശ്ചയിച്ചിട്ടുള്ള ൪,൪൦൦ രൂപയിൽ ൧,൪൦൦ രൂപ കുറവുചെയ്യുണം.

പൊതുനിരൂപണസന്ദർഭത്തിൽ ഞാൻ പറഞ്ഞുപോരുവല്ലോ—

ഡപ്യൂട്ടിപ്രസിഡണ്ടു: മി. താണുപിള്ള, ഇവിടെയും, നിങ്ങളുതിനെ ലംഘിക്കയില്ല എനിക്കു നിശ്ചയമുണ്ടു, ഉണ്ടുതമാശയുന്ന മട്ടിലുവിവാദമുഖം ൩,൦൦൦ രൂപകൊണ്ടു സഞ്ചാരജാഥി നിയ്ഹിക്കാമോ എന്നാണ്.

